ചെയ്യാനുള്ള പലിശയോടുകൂടി ആ മാസത്തിന്റെയും പതം തീയതിയിലോ അതിനുമുമ്പോ അടുക്കാൻ വീഴ്ച വരുത്തുന്ന സംഗതികളിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ലൈസൻസുകാരന്റെ യോഗ്യായോഗ്യത്തിന്മേൽ ലൈസൻസിനെ റദ്ദു ചെയ്ത് അവകാശത്തെ രണ്ടാമത് വിൽക്കുന്നതിന് ആജ്ഞാപിക്കുകയോ കുത്തകക്കാര്യത്തെ ഡിപ്പാർട്ടുമെന്റു മുഖാന്തിരം നടത്തുന്നതിന് ആജ്ഞാപിക്കുകയോ ആ കാര്യത്തെപ്പറ്റി മറ്റു വിധത്തിൽ തീർച്ചപ്പെടുത്തുകയോ ചെയ്യാം. അവകാശത്തെ ഇങ്ങനെ റദ്ദാക്കി വീണ്ടും വിൽക്കുകയോ ഡിപ്പാർട്ടുമെന്റു മുഖേന നടത്തുകയോ മറ്റുവിധത്തിൽ തീർച്ചപ്പെടുത്തുകയോ ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങളെയും വീഴ്ച വരുത്തിയ ലൈസൻസുകാരൻ സഹിക്കേണ്ടതും എന്നാൽ അതുകൊണ്ട് വല്ല ആദായവും ഉണ്ടായാൽ അതിലേക്ക് ലൈസൻസുകാരന് അവകാശമില്ലാത്തതും ആകുന്നു. വീണ്ടും വിൽക്കുന്നതുകൊണ്ടല്ലാതെ വിനിയോഗിക്കുന്നതിൽ സമാപിക്കലും ഉൾപ്പെടുന്നു. കുത്തകക്കാലത്തിന്റെ ആരംഭത്തിൽ കെട്ടിവച്ചിരിക്കാവുന്ന ഡിപ്പാസിറ്റു തുക വല്ലതുമുണ്ടെങ്കിൽ അതു മുഴുവൻ ഇല്ലാതാകേണ്ടതും ആകുന്നു. അഡ്വാൻസ് സെക്യൂരിറ്റി കിസ്ത് മുതലായി സർക്കാരിലേക്ക് അടയ്ക്കുവാനുള്ള സംഖ്യ യഥാസമയം അടയ്ക്കാതെ വീഴ്ച വരുത്തുന്നതുമൂലം ഷാപ്പ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഏറ്റെടുത്ത് നടത്തുന്നതിൽ നിന്നും ലഭിക്കുന്ന മേൽ ലാഭം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ യുക്താനുസരണം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമാകുന്നു. എന്നാൽ അവകാശത്തെ വീണ്ടും വിൽക്കുന്നതുവരെയോ മറ്റു വിധത്തിൽ നടപടി നടത്തുന്നതുവരെയോ വിൽപ്പന നടത്തിക്കൊള്ളുന്നതിന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അനുവദിക്കുകയോ യുക്തമെന്നു തോന്നുന്ന മറ്റു വല്ല ഏർപ്പാടുകളും ചെയ്യുകയോ ചെയ്യാവുന്നതാകുന്നു. കിസ്താണിട്ടോ മറ്റോ ലൈസൻസുകാരനിൽ നിന്നും ഈടാകാവുന്ന വല്ല തുകയേയും റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ച് പിരിക്കുകയോ കുത്തകക്കാലത്തിന്റെ ആരംഭത്തിൽ ലൈസൻസുകാരൻ വച്ചിട്ടുള്ള ഡിപ്പാസിറ്റ് വല്ലതും ഉണ്ടെങ്കിൽ ആ ഡിപ്പാസിറ്റിൽ നിന്നും ഈടാക്കുകയോ ചെയ്യാവുന്നതാകുന്നു. ഇപ്രകാരം ഡിപ്പാസിറ്റിൽ നിന്നും എടുക്കുന്ന സംഗതികളിൽ അയാളുടെ ഷാപ്പ് സ്ഥിതിചെയ്യുന്ന ഡിവിഷനിലെ ചാർജ്ജ് വഹിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥന്റെ പക്കൽ നിന്ന് നോട്ടീസ് കിട്ടി പതിനഞ്ച് ദിവസത്തിനകം തന്റെ ഡിപ്പോസിറ്റിൽ നിന്ന് എടുത്തിട്ടുള്ള തുകയെ തിരിയെ അടയ്ക്കുന്നതിന് ലൈസൻസുകാരൻ ബാദ്ധ്യസ്ഥനാകുന്നു. എല്ലാ പുനർലേലപ്രകാരമുണ്ടാകുന്ന നഷ്ടസംഖ്യയിന്മേലുള്ള പലിശ പുനർലേലക്കാരന് ഷാപ്പ് സ്ഥിരപ്പെടുത്തി കൊടുക്കുന്ന തീയതി മുതൽ കണക്കാക്കേണ്ടതുമാകുന്നു.

29. എല്ലാ പണത്തിന്മേലും പലിശ ആണ്ടൊന്നുക്ക് 100-ന് ഒൻപത് വീതം ആയിരിക്കുന്നതാകുന്നു.

30. ലൈസൻസുകാരൻ ആകട്ടെ ലൈസൻസുകാരന്റെ കീഴ്വേല ചെയ്യുന്ന വല്ല ആളും ആകട്ടെ ലൈസൻസിലെയോ ഈ പരസ്യത്തിലെയോ വ്യവസ്ഥകളിലോ അബ്കാരി ആക്റ്റ് അനുസരിച്ചുള്ള മറ്റു നിബന്ധനകളിൽ വല്ലതിനെയുമോ ഷാപ്പിനകത്തുവച്ചോ പുറമെയെങ്കിലും സ്ഥലത്തു വച്ചോ ലംഘിക്കുന്നതായാൽ ലൈസൻസുകാരൻ-

(i) (എ) 2000 (രണ്ടായിരം) രൂപയിൽ പിഴയ്ക്കോ, അല്ലെങ്കിൽ

(ബി) ഡിപ്പോസിറ്റു കെട്ടിവച്ചിട്ടുണ്ടെങ്കിൽ അത് ഇല്ലാതാകുന്നതിനും, ലൈസൻസ് റദ്ദാക്കി അയാളുടെ യോഗ്യായോഗ്യത്തിന്മേൽ അവകാശം വീണ്ടും വിൽക്കുകയോ മറ്റു വിധത്തിൽ നടപടി നടത്തുകയോ ചെയ്യുന്നതിനും കൂടിയോ പാത്രമാകുന്നതാകുന്നു. ലൈസൻസു ഇപ്രകാരം റദ്ദുചെയ്യപ്പെടുമ്പോൾ ലൈസൻസിലെ കാലാവധിയിൽ ശേഷം കാലത്തേക്ക് അയാൾ ഇനിയും അടുക്കേണ്ടതായ തുക ഉടൻതന്നെ അടുക്കേണ്ടതായി വരും.

(ii) മേൽപ്പറഞ്ഞ ശിക്ഷ വിധിക്കുന്നതിന് റവന്യൂ ബോർഡിനും അസി: എക്സൈസ് കമ്മീഷണർക്കും അധികാരം ഉള്ളതാകുന്നു. ലൈസൻസുകാരൻ ആകട്ടെ ലൈസൻസുകാരന്റെ കീഴിൽ വേലചെയ്യുന്ന വല്ലയാളും ആകട്ടെ ലൈസൻസിലെ നിബന്ധനകളിൽ വല്ലതിനെയും ലംഘിക്കുന്നതായാൽ ലൈസൻസുകാരിക്കു ഒരു പ്രാവശ്യം 5 രൂപ വരെ പിഴ ശിക്ഷിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടർക്കും അധികാരമുള്ളതാകുന്നു.

(iii) ഈ ഖണ്ഡം അനുസരിച്ചുള്ള ഒരു ലൈസൻസുകാരന്റെ മേൽ വല്ല പിഴയും ചുമത്തിയിരുന്നാൽ അതിന്റെ തുകയെ അയാൾ അടുക്കുന്നതിന് വീഴ്ച വരുത്തുന്നതായാൽ അയാളിൽനിന്നും ചെല്ലുവാനുള്ള കിസ്തു അടുക്കുന്നതിന് വീഴ്ച വരുത്തിയാൽ എന്തു ഫലങ്ങൾ ഉണ്ടാകുമെന്നു 28-ാം ഖണ്ഡത്തിൽ സാമാന്യ നിബന്ധന വിവരിച്ചിരിക്കുന്നുവോ അതു പോലുള്ള ഫലങ്ങൾ അയാൾക്ക് ഉണ്ടാകുന്നതാകുന്നു.

31. ഈ വ്യവസ്ഥകൾ അനുസരിച്ച് പിഴ വിധിച്ചതു കൊണ്ടോ ഡിപ്പോസിറ്റു തുക ഇല്ലാതായതുകൊണ്ടോ ലൈസൻസു റദ്ദാക്കിയതുകൊണ്ടോ ലൈസൻസുകാരൻ ആകട്ടെ അയാളുടെ ഏജന്റുകൾ ആകട്ടെ അബ്കാരി ആക്റ്റിന് വിരോധമായി ചെയ്ത വല്ല പ്രത്യേക കുറ്റത്തിനോ ഈ വ്യവസ്ഥകളുടെ വല്ല ലംഘനത്തിനോ പ്രാസിക്യൂട്ട് ചെയ്യപ്പെടുന്നതിൽ നിന്നും അവർ വിമോചനം പ്രാപിക്കുന്നില്ല.

32. എക്സൈസു റവന്യൂ സംബന്ധിച്ച് അതാതുകാലം നടപ്പുള്ള വല്ല നിയമവും അനുസരിച്ച് ലൈസൻസുകാരന്റെ പേരിൽ വല്ല കുറ്റവും സ്ഥാപിതമാകുകയോ അങ്ങനെയുള്ള ലൈസൻസു കൊടുക്കും മുമ്പ് അപ്രകാരമുള്ള വല്ല കുറ്റവും അവന്റെ പേരിൽ സ്ഥാപനമായിട്ടുള്ളതായി അവനു ലൈസൻസു കൊടുത്തതിൽ പിന്നീടു അറിയുകയോ ചെയ്യുന്നതായാൽ അയാളുടെ ലൈസൻസ് ഇല്ലാതെപോയിട്ടുള്ളതായി റവന്യൂബോർഡ് ആജ്ഞാപിക്കാം. ലൈസൻസുകാരന്റെ പേരിൽ ശിക്ഷാ നിയമപ്രകാരം കുറ്റസ്ഥാപനം ഉണ്ടാകുകയോ അയാൾക്കു ലൈസൻസു കൊടുക്കും മുമ്പ് ആ നിയമം അനുസരിച്ച് അയാളുടെ പേരിൽ കുറ്റസ്ഥാപനം ആയിട്ടുള്ളതായോ അല്ലെങ്കിൽ മേൽപ്പറഞ്ഞ വിൽപ്പന നിബന്ധന 4-ാം ചട്ടപ്രകാരം ഒരു പീടിക പിടിക്കുന്നതിന് അയോഗ്യനാണെന്നോ അവനു ലൈസൻസു കൊടുത്തതിൽ പിന്നീടു അറിവു കിട്ടുകയോ ചെയ്യുന്നതായാൽ അയാളുടെ പേരിൽ സ്ഥാപനമായ കുറ്റമോ തെളിവാക്കപ്പെട്ട അയോഗ്യതയോ റവന്യൂ ബോർഡിന്റെ അഭിപ്രായത്തിൽ അയാളെ ലൈസൻസു വച്ചുകൊണ്ടിരിക്കുന്നതിനു അയോഗ്യനാക്കിത്തീർക്കുന്നുവെങ്കിൽ ലൈസൻസു ഇല്ലാതെപോകുന്നതിനും അയാളുടെ ഡിപ്പാസിറ്റു ഇല്ലാതെപോകുന്നതിനും അങ്ങനെയുള്ള കുറ്റസ്ഥാപനമോ അയോഗ്യതയോ ഇടയാക്കുന്നതാകുന്നു. ഈ ഖണ്ഡം അനുസരിച്ചുള്ള ഒരു ലൈസൻസ് ഇല്ലാതെപോകുമ്പോൾ അവകാശത്തെ ലൈസൻസുകാരന്റെ യോഗ്യായോഗ്യത്തിന്മേൽ വീണ്ടും വിൽക്കുകയോ മറ്റു വിധത്തിൽ വിനിയോഗിക്കുകയോ ചെയ്യുന്നതാകുന്നു.

33. ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി റവന്യൂ ബോർഡ് 15 ദിവസത്തെ മുന്നറിയിപ്പ് കൊടുത്തിട്ട് ലൈസൻസിനെ തിരിയെ വാങ്ങിക്കാവുന്നതാകുന്നു. അങ്ങനെ ചെയ്യുമ്പോൾ ലൈസൻസുകാരൻ അടുക്കിയിട്ടുള്ള ഫീസിൽ വീതപ്രകാരമുള്ള ഒരു ഭാഗത്തെ അയാൾക്ക് തിരിച്ചു കൊടുക്കണം.

34. കള്ള്, ചാരായം എന്നീ ഷാപ്പുകൾ എക്സൈസ് പ്രിവന്റീവ് ആഫീസറുടെ സ്ഥാനത്തോ തുല്യരും അവരെക്കാൾ സ്ഥാനമാനം കൂടിയവരുമായ എല്ലാ എക്സൈസ് ആഫീസർമാർക്കും, വിദേശമദ്യ ഷാപ്പുകൾ എക്സൈസ് ഇൻസ്പെക്ടറും അവരെക്കാൾ സ്ഥാനമാനം കൂടിയവരുമായ എക്സൈസ് ആഫീസർമാർക്കും പരിശോധിക്കുന്നതിനും അതാത്

ഷാപ്പുകളിൽ ഉപയോഗിക്കുന്ന അളവുകളേയും വിൽക്കുന്ന സാധനത്തെയും പരിശോധിക്കുന്നതിനും പീടികയിൽ വച്ചിട്ടുള്ള കണക്കുകൾ വരുത്തി പരിശോധിക്കുന്നതിനും അധികാരമുണ്ട്. പരിശോധന ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ ലൈസൻസുകാരനോ അയാളുടെ ഏജന്റോ വിൽപ്പനക്കാരനോ വിൽപ്പനയ്ക്കു വച്ചിരിക്കുന്ന സാധനം മുഴുവനും ഹാജരാക്കുകയും അതിന്റെ വീര്യം തിട്ടപ്പെടുത്തുന്നതിന് എല്ലാ സൗകര്യങ്ങളും നൽകുകയും ചെയ്യണം.

35. ലൈസൻസുകാരനു ലൈസൻസുള്ള അയാളുടെ ഷാപ്പിൽ ഗവൺമെന്റ് അതാതുകാലം നിശ്ചയിക്കുന്ന അളവു പാത്രങ്ങളെ മാത്രമേ കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യാവൂ.

36. കണ്ട്രാക്ടർമാരല്ലാത്ത വേറെ യാതൊരു സ്ത്രീകളേയും പീടികകളിൽ ഏതു വിധത്തിലുള്ള ജോലിക്കും നിയമിച്ചുകൂടാത്തതാകുന്നു.

37. തുടർന്നു ഭേദഗതി ചെയ്തിട്ടുള്ളതും അബ്കാരി ആക്റ്റിൻപ്രകാരം പാസ്സാക്കിയിട്ടുള്ളതും പ്രസ്തുത ആക്റ്റോ അബ്കാരി റവന്യൂ സംബന്ധിച്ച് ഇനിമേൽ പാസ്സാക്കാവുന്ന വല്ല നിയമമോ അനുസരിച്ച് ഇനിമേൽ പാസ്സാക്കാവുന്നതുമായ എല്ലാ ചട്ടങ്ങളും ലൈസൻസുകാരനെ ബന്ധിക്കുന്നതാണ്.

38. റവന്യൂ ബോർഡിനോ അതിന്റെ കീഴിലുള്ള വല്ല എക്സൈസ് ഉദ്യോഗസ്ഥന്മാർക്കും ഉത്തരവിനെ അസ്ഥിരപ്പെടുത്താനോ ഭേദപ്പെടുത്താനോ മറ്റു വിധത്തിൽ പുതുക്കാനോ അധികാരമുള്ളതാകുന്നു.

39. ആവശ്യമെന്നു തോന്നുന്നപക്ഷം കീഴുദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചിരിക്കുന്ന അധികാരങ്ങൾ റവന്യൂ ബോർഡിൽനിന്നും നേരിട്ടു നടത്താവുന്നതാണ്.

III. സ്വതന്ത്ര പീടികകളിൽ കള്ളു വിൽക്കുന്നതു സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകൾ

1. ഈ ചട്ടങ്ങൾ അനുസരിച്ചു കൊടുക്കുന്ന ലൈസൻസിനാൽ സിദ്ധിക്കുന്ന അവകാശം പുതു കള്ളു നിർമ്മിക്കുന്നതിലേക്കും വിൽക്കുന്നതിലേക്കും മാത്രം ബാധിക്കുന്നതും മറ്റെതെങ്കിലും തരത്തിലുള്ള മദ്യത്തെ ബാധിക്കുന്നതല്ലാത്തതും ആകുന്നു. മറ്റു മദ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം വിൽക്കുന്നതിന് ഗവൺമെന്റിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

2. തെങ്ങിൽ നിന്നോ, പനയിൽനിന്നോ, ചൂണ്ടപ്പനയിൽനിന്നോ എടുക്കുന്നതല്ലാതെ യാതൊരു കള്ളും ലൈസൻസുകാരൻ വിൽക്കാൻ പാടുള്ളതല്ല. വിൽപ്പനക്കായി വച്ചിരിക്കുന്നതോ വിൽക്കാമെന്നു പറയുന്നതോ ആയ എല്ലാ കള്ളും നല്ല തരത്തിലുള്ളതും ഗുണമുള്ളതും കലർപ്പു ചേരാത്തതും ആയിരിക്കണം. അതിന്റെ ലഹരിശക്തി വർദ്ധിപ്പിക്കുന്നതിലേക്കോ മറ്റു വല്ല കാര്യത്തിലേക്കോ ആയി ഈ സാധനത്തോടു യാതൊന്നിനേയും കലർത്തിക്കൂടാ.

3. ലൈസൻസുകാരനോ അയാളുടെ കീഴിൽജോലി നോക്കുന്ന മറ്റെതെങ്കിലും ആളോ കള്ള് ലിറ്റർ ഒന്നുക്ക് 16 നയാ പൈസയിൽ കുറഞ്ഞ ഏതെങ്കിലും തുകയ്ക്കു വിൽക്കുവാൻ പാടില്ല.

4. ലൈസൻസുകാരനു വൃക്ഷകരം ഏർപ്പാടിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ ചെത്തു ലൈസൻസിൻപടി അയാൾക്ക് വിൽപ്പനയ്ക്ക് ആവശ്യമുള്ള കള്ള് അയാളുടെ പീടികയ്ക്കായി അടയാളപ്പെടുത്തിയിരിക്കുന്ന വൃക്ഷങ്ങളിൽനിന്ന് ഇറക്കുകയോ ഇറക്കിക്കുകയോ ചെയ്യാവുന്നതാകുന്നു. അതിനു മേലെ എക്സൈസ് ഇൻസ്പെക്ടറോടപേക്ഷിച്ച് ലൈസൻസുള്ള ഏതു കള്ളുഷാപ്പുകാരിൽനിന്നും കള്ള് അയാൾക്കു വിലയ്ക്കു വാങ്ങാവുന്നതാണ്. ഈ അപേക്ഷ കിട്ടിയാൽ എക്സൈസ് ഇൻസ്പെക്ടർ അതിലേക്കുള്ള ആവശ്യകതയ്ക്ക് തെളിവു കിട്ടുമ്പോൾ ആവശ്യമുള്ള പെർമിറ്റ് കൊടുക്കേണ്ടതാകുന്നു.

ഒരു ശരിയായ ഉദ്യോഗസ്ഥൻ അടയാളപ്പെടുത്തിയിട്ടുള്ളതും ഒരു ചെത്തു ലൈസൻസ് അനുസരിച്ച് ചെത്തുന്നതുമായ വൃക്ഷങ്ങളിൽനിന്ന് എടുത്തതല്ലാത്ത യാതൊരു കള്ളും ഷാപ്പിൽ വച്ചിരിക്കുകയോ വിൽക്കാമെന്നു പറയുകയോ വിൽക്കുകയോ ചെയ്യരുത്.

5. ലൈസൻസുകാരൻ അയാളുടെ പീടികയുടെ ഉപയോഗത്തിലേക്കായി കള്ള് ഇറക്കുന്ന വകയ്ക്ക് ലൈസൻസു കാലത്തേക്കു കുറഞ്ഞപക്ഷം 30 തെങ്ങുകളോ 60 പനകളോ അല്ലെങ്കിൽ 15 ചൂണ്ടപ്പനകളോ അടയാളപ്പെടുത്തി കിട്ടേണ്ടതാകുന്നു. ഇതിനും പുറമെ ലൈസൻസുകാരൻ ഒരു അപേക്ഷയിൽതന്നെ കുറഞ്ഞത് 30 തെങ്ങോ 60 പനയോ അല്ലെങ്കിൽ 15 ചൂണ്ടപ്പനയോ എങ്കിലും ചേർത്തിരിക്കേണ്ടതാണ്. ഒരു ലൈസൻസുകാരൻ ലൈസൻസു നടപ്പിലിരിക്കുന്ന കാലത്തിനിടയ്ക്ക് യാതൊരു കാലത്തിലും ആ ലൈസൻസുകാരൻ അയാളുടെ പീടികയിൽ വിൽപ്പന നടത്തിയിരുന്നില്ല എന്നുള്ള സംഗതി മേലാൽ ലൈസൻസു കാലത്തേക്കു അയാളുടെ പീടികയ്ക്കായി അടയാളപ്പെടുത്തേണ്ടതായ ഏറിയതും കുറഞ്ഞതുമായ വൃക്ഷങ്ങളിന്മേൽ കൊടുക്കേണ്ടതായ വൃക്ഷകരം കൊടുക്കുന്നതിൽനിന്നു അയാളെ ഒഴിവാക്കുന്നതല്ല.

6. തെങ്ങിനും ചൂണ്ടപ്പനയ്ക്കും അർദ്ധവാർഷികമായും പനയ്ക്കു വാർഷികമായും വൃക്ഷനികുതി താഴെ കാണുന്ന പ്രകാരം മൂന്നു ഗഡുക്കളായി അടയ്ക്കേണ്ടതാകുന്നു.

(എ) വൃക്ഷം കള്ളുണ്ടാക്കുന്നതിനു ചെത്തുന്നതിനു മുമ്പായി ആദ്യ ഗഡുവായി നിശ്ചയിച്ചിട്ടുള്ള 20 ശതമാനം വൃക്ഷനികുതി മുൻകൂറായി ചെത്തു അപേക്ഷയോടൊന്നിച്ച് ഹാജരാക്കേണ്ടതാകുന്നു.

(ബി) രണ്ടാം ഗഡുവായി നിശ്ചയിച്ചിട്ടുള്ള 40 ശതമാനം വൃക്ഷനികുതി തെങ്ങിനും ചൂണ്ടപ്പനയ്ക്കും ആ അർദ്ധവർഷത്തിന്റെ രണ്ടാം മാസത്തിലെ 10-ാം തീയതിയോ അതിനുമുമ്പോ അടയ്ക്കേണ്ടതും, പനയ്ക്കു ആ വർഷം മേയ് മാസം 10-ാം തീയതിയോ അതിനു മുമ്പോ അടയ്ക്കേണ്ടതും ആകുന്നു.

(സി) അവസാനത്തേതും മൂന്നാം ഗഡുവുമായ 40 ശതമാനം സംഖ്യ തെങ്ങിനും ചൂണ്ടപ്പനയ്ക്കും ആ അർദ്ധ വർഷത്തിന്റെ മൂന്നാം മാസത്തിലെ 10-ാം തീയതിയോ അതിനുമുമ്പോ അടയ്ക്കേണ്ടതും, പനയ്ക്ക് ആ വർഷം ജൂൺ മാസം 10-ാം തീയതിയോ അതിനു മുമ്പോ അടയ്ക്കേണ്ടതുമാകുന്നു.

(ഡി) അർദ്ധവർഷത്തിന്റെ രണ്ടാം മാസത്തിൽ അപേക്ഷിക്കുന്ന വൃക്ഷങ്ങളുടെ വൃക്ഷനികുതി രണ്ടു തുല്യ ഗഡുക്കളായി അടയ്ക്കേണ്ടതും. ആദ്യ ഗഡു വൃക്ഷങ്ങൾ കള്ളുണ്ടാക്കുന്നതിനു ചെത്തുന്നതിനു മുമ്പു അപേക്ഷയോടുകൂടി അടയ്ക്കേണ്ടതും, രണ്ടാം ഗഡു മൂന്നാം മാസത്തിന്റെ 10-ാം തീയതിക്കുള്ളിൽ അടയ്ക്കേണ്ടതുമാകുന്നു.

(ഇ) അർദ്ധ വർഷത്തിന്റെ മൂന്നാം മാസത്തിൽ അപേക്ഷിക്കുന്ന വൃക്ഷങ്ങളുടെ വൃക്ഷനികുതി മുഴുവനും അപേക്ഷയോടുകൂടിത്തന്നെ മുൻകൂറായി അടയ്ക്കേണ്ടതും ആകുന്നു.

(എഫ്) ഇപ്രകാരം ഏതെങ്കിലും ഗഡുവുകൾ നിശ്ചിത തീയതിക്ക് അടയ്ക്കാതെ വീഴ്ച വരുത്തുന്നതായാൽ ആപ്രകാരം വീഴ്ച വരുത്തുന്ന തീയതി മുതൽ ഒൻപതു ശതമാനം പലിശ ഈടാക്കുന്നതും. വീഴ്ച വരുത്തിയ സംഖ്യ ഷാപ്പു നടത്തിപ്പിലേക്കായി മുൻകൂർ കെട്ടിവച്ചിട്ടുള്ള ഡെപ്പോസിറ്റ് സംഖ്യയിൽ നിന്നും ഈടാക്കാവുന്നതോ അല്ലെങ്കിൽ റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ച് ഈടാക്കുന്നതോ ആകുന്നു.

(ജി) ഷാപ്പു സംബന്ധമായി സർക്കാരിലേക്കു അടയ്ക്കുന്ന ഏതു സംഖ്യയും വൃക്ഷനികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയതിലേക്ക് ഈടാക്കിയതിനു ശേഷം മാത്രം മറ്റ് ഇനത്തിലേക്കു വരവു വയ്ക്കുന്നതും ആകുന്നു.

7. ഷാപ്പുടമസ്ഥൻ അപേക്ഷിച്ചിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം ഷാപ്പിലേക്കു യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ആണെന്നു കാണുന്ന പക്ഷം ആ ഷാപ്പിലേക്കു ലൈസൻസ് നൽകുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനു റവന്യൂ ബോർഡിന് അധികാരമുള്ളതാകുന്നു.

8. വൃക്ഷപ്പാട്ടങ്ങൾ അനുസരിച്ചു വൃക്ഷം ചെത്തുന്നതിനുള്ള ലൈസൻസ് വാങ്ങിക്കാത്ത യാതൊരു ലൈസൻസുകാരനും കള്ളു വിറ്റുകൂടാ. ചെത്തുന്നവർക്കായി ഏതു വൃക്ഷത്തെയും തടവു കൂടാതെ ഉപയോഗിക്കുന്നതിനുള്ള യാതൊരു അവകാശവും ഈ ലൈസൻസ് കൊടുക്കുന്നില്ല. ലൈസൻസുകാരൻ വൃക്ഷത്തിന്റെ ഉടമസ്ഥനുമായി സ്വന്തം ഏർപ്പാടു ചെയ്തുകൊള്ളേണ്ടതാകുന്നു.

9. ലൈസൻസുകാരന്റെ അപേക്ഷയിന്മേൽ ആളുകളുടെ പേരിലോ അല്ലെങ്കിൽ മേൽപ്പറഞ്ഞു നിശ്ചയിച്ചിരിക്കുന്ന ആളിന്റെ പേരിലോ ചെത്തു ലൈസൻസിലും അതിനെ സംബന്ധിച്ച ചട്ടങ്ങളിലും വിവരിച്ചിരിക്കുന്ന നിബന്ധനകൾ അനുസരിച്ച് നൽകപ്പെട്ട ചെത്തു ലൈസൻസുകൾ വകയായി കൊടുക്കേണ്ടതായ ഫീസിന്റെ എല്ലാ തുകകൾക്കും ലൈസൻസുകാരൻ ഗവൺമെന്റിലേക്ക് ഉത്തരവാദിയായിരിക്കേണ്ടതാകുന്നു.

10. ഇപ്പോൾ നടപ്പിലിരിക്കുന്നതോ ഇനിമേൽ അനുവദിക്കാവുന്നതോ ആയ വൃക്ഷപ്പാട്ടങ്ങളെല്ലാം ലൈസൻസുകാരൻ അനുസരിച്ചു നടക്കേണ്ടതാകുന്നു.

11. റവന്യൂബോർഡ് വ്യവസ്ഥ ചെയ്യാവുന്ന പ്രകാരമുള്ള നിബന്ധനകൾ അനുസരിച്ചല്ലാതെ ലൈസൻസുകാരനു കള്ളിൽനിന്നും വിനാഗിരി നിർമ്മിക്കുവാൻ പാടില്ല. കള്ളിൽനിന്നും ചാരായം വാറ്റി എടുക്കുന്നതിനെ നിശ്ശേഷം നിരോധിച്ചിരിക്കുന്നു.

12. സഹകരണസംഘങ്ങൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എ) സാധാരണ സഹകരണസംഘങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും ഷാപ്പുകൾ ലേലത്തിൽ പിടിക്കുന്ന സംഘങ്ങൾക്കും നൽകുന്നതാണ്.

(ബി) സഹകരണസംഘങ്ങളെക്കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൃത്യസമയത്തിനു ഗവൺമെന്റിലേക്കു സകല സംഖ്യകളും അടയ്ക്കുന്ന സഹകരണസംഘങ്ങൾക്ക് അവർ അടയ്ക്കേണ്ടുന്നതായ അവസാന തവണയിൽനിന്നും അവർ ലേലത്തിൽ പിടിച്ച ഷാപ്പിന്റെ വാടകസംഖ്യയുടെ 1/10 (പത്തിൽ ഒരു ഭാഗം) ഗവൺമെന്റ് ഇളവു ചെയ്തു കൊടുക്കുന്നതാണ്.

സഹകരണസംഘങ്ങൾക്കുള്ള മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അവർതന്നെ ഷാപ്പുകൾ ലേലത്തിൽ പിടിച്ചു നടത്തുവാൻ അനുവദിക്കുമ്പോൾ മാത്രം ലഭ്യമാകുന്നതും, സാധാരണ രീതിയിൽ ലേലത്തിൽ പിടിച്ച മറ്റുള്ളവരിൽനിന്നും കൈമാറ്റപ്രകാരം സംഘങ്ങൾ ഷാപ്പുകൾ ഏറ്റെടുക്കുമ്പോൾ ലഭ്യമല്ലാത്തതും ആകുന്നു.

13. ചെത്തു തൊഴിലാളിക്ക് യഥാർത്ഥമായ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി സാധാരണയുള്ള വ്യവസ്ഥകൾ കൂടാതെ താഴെ പറയുന്ന വ്യവസ്ഥകളും ലേലം വിളിക്കുന്നവർ പാലിക്കേണ്ടതാണ്:

(1) തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള മിനിമം വേജസ് ഒരുക്കു കൂലി ഉൾപ്പെടെ നൽകേണ്ടതാണ്.

(2) ഷാപ്പിന്റെ അരമൈൽ ചുറ്റളവിനു പുറത്തു ചെത്തുന്ന കള്ള് കോൺട്രാക്റ്ററുടെ ഏർപ്പാടിൽ ഷാപ്പിലേക്ക് എത്തിക്കേണ്ടതാണ്.

(3) വൃക്ഷനികുതിയും വൃക്ഷപ്പാട്ടവും ഷാപ്പുടമകൾ നൽകേണ്ടതാണ്.

(4) കയറ്, മാട്ടം, ചെളി മുതലായ ചെത്തു ഉപകരണങ്ങളും ഷാപ്പുടമകൾ നൽകേണ്ടതാണ്.

(5) തൊഴിലാളികൾക്ക് 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്റ്റിലെ (1965-ലെ XXI-ം ആക്റ്റ്) വ്യവസ്ഥകളനുസരിച്ചുള്ള ബോണസ് നൽകേണ്ടതാണ്.

(6) വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ചു ദിവസമെങ്കിലും ശമ്പളത്തോടുകൂടി അവധി നൽകേണ്ടതാണ്.

(7) റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം, ഓണം എന്നീ ദിവസങ്ങളിൽ ചെത്തുതൊഴിലാളികൾക്ക് ഇരട്ടി ശമ്പളം നൽകേണ്ടതാണ്.

(8) തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുമ്പോൾ വർക്കുമെൻസ് കോമ്പൻസേഷൻ ആക്റ്റ് അനുസരിച്ചു നഷ്ടപരിഹാരം നൽകേണ്ടതാണ്.

(9) ഒരു ഷാപ്പിലെ ആവശ്യത്തിലേക്കായി വൃക്ഷം ചെത്തുന്നതിന് ചെത്തുകാരെ ഏർപ്പെടുത്തുമ്പോൾ അതേ ഷാപ്പിലേക്കു മുൻകൊല്ലത്തു ചെത്തിക്കൊണ്ടിരുന്നവരിൽ അബ്കാരി നിയമപ്രകാരം കുറ്റം ചെയ്തിട്ടില്ലാത്തവരും മറ്റു നടപടിദൂഷ്യമെന്നു തെളിഞ്ഞിട്ടില്ലാത്തവരുമായ ചെത്തുകാർക്കു മുൻഗണന കൊടുക്കേണ്ടതാണ്.

(10) 1969-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി ആക്റ്റിൻപ്രകാരം തൊഴിലാളികൾക്ക് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് ഇവ നൽകേണ്ടതാണ്.

IV. സ്വാതന്ത്ര്യപരിധികളിൽ ചാരായം വിൽക്കുന്നതിനെ സംബന്ധിച്ചുള്ള പ്രത്യേക നിബന്ധനകൾ

1. ലേലത്തിനിടുന്ന ഷാപ്പിനെ ഓരോ മാസത്തേക്കും അനുവദിക്കുന്ന ചാരായത്തിന്റെ ക്വോട്ടാ ഇത്രയെന്ന് പ്രസ്തുത ഉദ്യോഗസ്ഥൻ പ്രഖ്യാപിക്കുന്നതാണ്. എന്നാൽ റവന്യൂബോർഡ് നിശ്ചയിക്കുന്ന കമ്മീഷൻ അനുസരിച്ച് ചാരായ ഷാപ്പുകൾക്ക് ഓരോ മാസവും അനുവദിച്ചിട്ടുള്ള ക്വോട്ടയിൽ കൂടുതലായി ചാരായം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ നൽകുന്നതാണ്. ഏതെങ്കിലും ഷാപ്പിന് ഏതെങ്കിലും ത്രൈമാസത്തിൽ എടുക്കാത്തതായുള്ള ക്വോട്ടാ അടുത്ത ത്രൈമാസത്തിൽ ആ ഷാപ്പിനു നൽകുവാൻ അനുവദിക്കുന്നതിന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഓരോ മാസത്തിലും അനുവദിച്ചിട്ടുള്ള ചാരായം മുഴുവൻ അതാതു മാസത്തിൽ എടുക്കാതിരുന്നാൽ അതേ ത്രൈമാസത്തിൽ ഉൾപ്പെട്ട അടുത്ത മാസത്തിൽ അങ്ങനെ എടുക്കാതിരുന്നിട്ടുള്ള ചാരായത്തിന്റെ ക്വോട്ടാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അനുവദിച്ചുകൊടുക്കുന്നതിന് റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർക്ക് അധികാരമുള്ളതാകുന്നു.

2. വിൽക്കാനായി വച്ചിരിക്കുന്നതോ വിൽക്കാനെന്നു പറയുന്നതോ ആയ എല്ലാ ചാരായവും കലർപ്പു ചേരാത്തതും, വെള്ളം ചേരാത്തതും ചാരായം ഏൽപ്പിക്കുന്നതിനുള്ള കോൺട്രാക്റ്ററുടെ പണ്ടകശാലയിലോ മറ്റു സ്ഥലത്തോ നിന്നു അയയ്ക്കുന്ന ചാരായത്തിന്റെ ശക്തിയും, ഗുണവും, ഉള്ളതും ആയിരിക്കണം. അതിന്റെ ലഹരിശക്തി വർദ്ധിപ്പിക്കുന്നതിലേക്കോ മറ്റു വല്ല കാര്യത്തിലേക്കോ ആയി ഈ സാധനത്തോട് യാതൊന്നിനെയും കലർത്തിക്കൂടാ.

3. ഷാപ്പിലേക്ക് ആകെ ആവശ്യമുള്ള ചാരായത്തിൽ കൂടുതൽ ലൈസൻസുകാരൻ എപ്പോഴെങ്കിലും ആവശ്യപ്പെടുന്നപക്ഷം അങ്ങനെ ആവശ്യപ്പെടുന്നതിനെ ആ ഷാപ്പിൽ വിൽപ്പനയ്ക്കാവശ്യമുള്ളതായി തനിക്കു തോന്നുന്നിടത്തോളം കുറയ്ക്കുന്നതിനു റവന്യൂ

ബോർഡിന് അധികാരമുള്ളതാകുന്നു. ഏതെങ്കിലും ഷാപ്പിലെ സ്റ്റോക്കോ വിൽക്കപ്പെടുന്ന ചാരായത്തിന്റെ സാമ്പിൾ പരിശോധിക്കുന്നതിനും മേപ്പടി ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

4. ഈ ചട്ടങ്ങൾ അനുസരിച്ചു കൊടുക്കുന്ന ലൈസൻസിനാൽ നിശ്ചയിക്കുന്ന അവകാശം 25 ഡിഗ്രി (അ.പി.) വീര്യമുള്ള ചാരായത്തിന്റെ വിൽപ്പനമാത്രം സംബന്ധിക്കുന്നതാകുന്നു.

5. ചാരായം ഏൽപ്പിക്കുന്നതിനു കുത്തക പിടിച്ചിട്ടുള്ള ആളുകൾക്ക് തന്റെ ചാരായം കൊടുക്കേണ്ട ഏതെങ്കിലും അതിർത്തിക്കകത്ത് എവിടെയെങ്കിലും ചാരായം ചില്ലറ വിൽപ്പനയിലും മറ്റുവല്ല ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയിലും ഏതെങ്കിലും ബാദ്ധ്യത ഉണ്ടായിരിക്കുകയോ അവർ അപ്രകാരം ബാദ്ധ്യതയുള്ള വല്ല ആളിന്റെയും പണിക്കാരായി നിയമിക്കുകയോ പാടില്ലാത്തതുമാകുന്നു.

6. മദ്യങ്ങൾ ഏൽപ്പിക്കുന്നതിനു കുത്തക പിടിച്ചിട്ടുള്ള ആൾ ഏർപ്പെടുത്തിയിരിക്കുന്ന വാറ്റു സ്ഥലത്തുനിന്നോ പണ്ടകശാലയിൽനിന്നോ മാത്രമേ ലൈസൻസുകാർ മദ്യം വാങ്ങാവൂ. ആവശ്യമെന്നു കാണുന്ന പക്ഷം തുകപ്പടി മുദ്രവച്ചു അടച്ച് ചാരായം ശേഖരിച്ചു വയ്ക്കുന്നതിനുള്ള ഡിപ്പോകൾ സ്ഥാപിക്കുന്നതിനു ഒരു മൈലിലുള്ള ചാരായഷാപ്പുകൾ അതിനോടു കൂട്ടുകയോ ലേലത്തിൽ പിടിച്ചിട്ടുള്ള ആളുകളുടെ ഏജന്റുമാർക്കോ ബോർഡ് നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അബ്കാരി എക്സൈസ് കമ്മീഷണർ പ്രത്യേക ലൈസൻസുകൾ കൊടുക്കുന്നതാണ്. ഇപ്രകാരം കൊടുക്കുന്ന ഓരോ ലൈസൻസിനും ഈടാക്കേണ്ടുന്ന ഫീസ് ഗവൺമെന്റ് നിശ്ചയിക്കുന്നതാകുന്നു. ഒന്നിൽകൂടുതൽ ഡിപ്പോ ഒരു മൈലിൽ അനുവദിക്കുന്നതല്ല.

7. ഒരു ലിറ്റർ ചാരായത്തിന് (25°) (അ. പി.) സപ്ലൈ കോൺട്രാക്ടർക്കു കൊടുക്കേണ്ട തുക പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

8. ഈ സമയം ലൈസൻസുകാർ ഒരു ന്യായമായ വിലയ്ക്കു മാത്രമേ വിൽക്കുകയുള്ളൂ എന്നാണ് പ്രതീക്ഷ. മാത്രമല്ല ആവശ്യമെന്നു കാണുമ്പോൾ വിൽപ്പനയ്ക്കുള്ള വില നിർണ്ണയിക്കുന്നതിനു ബോർഡിനു അധികാരമുണ്ടായിരിക്കുന്നതുമാണ്. ഇതിലേക്കു നൽകിയിട്ടുള്ള വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനം ലൈസൻസ് സംബന്ധിച്ചുള്ള ഉപാധികളുടെ ഒരു ലംഘനമായി കരുതപ്പെടുന്നതാണ്.

9. കുത്തക നിലനിൽക്കുന്ന കാലത്തിൽ വല്ല സമയത്തും കസ്റ്റംസ് തീരുവയുടെയോ മറ്റുവല്ലതിന്റെയോ വില വ്യത്യാസംമൂലമോ മറിച്ചോ വേറെ വല്ല കാരണത്താലോ കുത്തകക്കാരനു കൊടുക്കേണ്ട വില കൂട്ടുകയോ കുറയ്ക്കുകയോ വേണമെന്നു ഗവൺമെന്റു വിചാരിക്കുകയാണെങ്കിൽ ഗവൺമെന്റ് അപ്രകാരം വില കൂട്ടുന്നതും ലൈസൻസ് കൈവശക്കാരൻ ആ സംഗതിയിൽ കൂടിയ നിരക്കിനു മദ്യങ്ങൾ വാങ്ങേണ്ടതും ആകുന്നു. ആവശ്യമെന്നു കണ്ടാൽ കുത്തക നിലനിൽക്കുന്നകാലത്തു എപ്പോഴെങ്കിലും നികുതി നിരക്കുകൾ പുതുക്കുന്നതിന് ഗവൺമെന്റിനധികാരമുണ്ടായിരിക്കുന്നതാണ്.

10. കുത്തക നിലനിൽക്കുന്ന കാലത്തു ഏതൊരു സമയത്തും 25 ഡിഗ്രി (അ. പി.) വീര്യമുള്ള ചാരായം കൊടുക്കുന്നതിനെ നിരുത്സാഹപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. 60 ഡിഗ്രി (അ. പി.) യിൽ കുറയാത്തതുള്ള ചാരായം കൊടുക്കുന്നതിന് ആജ്ഞാപിക്കാവുന്നതും ആകുന്നു. 25 ഡിഗ്രി (അ. പി.) യിൽ കുറവായി വീര്യമുള്ള ചാരായം കൊടുക്കാൻ ആജ്ഞാപിക്കാവുന്ന കാര്യത്തിൽ ഏർപ്പെടുത്തുന്ന വിലകളും അതിലേക്കു കൊടുക്കേണ്ട തീരുവയും 25 ഡിഗ്രി (അ. പി.) വീര്യമുള്ളതിന് മുൻ ഗണിച്ചിട്ടുള്ള വിലയ്ക്കും തീരുവയ്ക്കും അനുസരണമായിരിക്കും.

11. ലൈസൻസുകാരന് ചാരായം വിലയ്ക്കു വാങ്ങേണ്ടിയിരിക്കുന്നതെല്ലാം വിലയ്ക്കു വാങ്ങി ക്കൊൾ ആശ്രയിക്കുന്ന ഗവൺമെന്റിനു ഗവൺമെന്റിലേക്കു ചെല്ലേണ്ടുന്ന തീരുവയുടെ വകയ്ക്ക് മാത്രം, മാർജിൻ കൊടുക്കപ്പെടുന്നതായിരിക്കുന്ന ഏജന്റ് കൈപ്പറ്റിയിട്ടുള്ളതും ഡയറക്ടർ ഇതിലേക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ കൈപ്പറ്റിയിട്ടുള്ളതും ആയ ചെല്ലാനോ രസീതു സഹിതം ആയ അതാതു ഡിപ്പോയിലെ സ്റ്റോക്ക് ഹാജരാക്കേണ്ടതാകുന്നു. ആ തീരുവ മുഴുവനായിട്ടും ഗവൺമെന്റിനു കിട്ടുന്ന സെയിൽസ് വാറ്റു സംഭരണത്തിലോ പണ്ടകശാലയിലോ മാറ്റി വിചാരം വിതരിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കേണ്ടതും ആ ഉദ്യോഗസ്ഥൻ എത്രയോളം ചാരായത്തിനു തീരുവ മുഴുവനായിട്ടുണ്ടോ അത്രയും ചാരായം കൊടുക്കുന്നതിന് സപ്ലൈ കോൺട്രാക്ടർക്ക് ഉത്തരവു കൊടുക്കുന്നതും ആകുന്നു. ചാരായം ഏൽപ്പിക്കേണ്ട തീയതിക്കു മുമ്പായി ആ ഉത്തരവിലേക്കു സപ്ലൈ കോൺട്രാക്ടർ ചെല്ലേണ്ടുന്ന വിലയോ മറ്റുള്ളവയോ അടച്ചുതീർക്കാത്ത ഏതിനെങ്കിലും പകരം മാത്രം പണം കൊടുക്കേണ്ടതാകുന്നു. ചാരായം കൊടുക്കുന്നതിൽ സപ്ലൈ കോൺട്രാക്ടർ വീഴ്ച സംഭവിക്കപ്പെട്ടതായ തെളിവു ലിഖിതമായി തെളിച്ച് ആ ഉത്തരവ് കിട്ടിയതിൽ പിന്നീട് 48 മണിക്കൂർ കഴിയുമ്പോൾ മാത്രമേ തുടങ്ങുകയുള്ളൂ.

12. വാറ്റു ശാലയിൽനിന്നോ പണ്ടകശാലയിൽ നിന്നോ ഒരു ലൈസൻസുകാരന് വാങ്ങാവുന്ന ചാരായത്തിന്റെ ഏറ്റവും കുറഞ്ഞ അളവു ഇരുപതു ലിറ്റർ ആയിരിക്കുന്നതാകുന്നു.

<u>കൊക്കോ[ബാർഡി ഉത്പന്നങ്ങളുടെ വിദേശമദ്യ</u>

<u>ഷാപ്പുകളുടെ മാത്രം സംബന്ധിക്കുന്ന</u>

<u>നിബന്ധനകൾ</u>

1. മേലെഴുതിയ നിബന്ധനകളിലെ 10-ാം വകുപ്പിലും 15-ാം വകുപ്പിലും പ്രസ്താവിച്ചിരിക്കുന്ന ഡിപ്പോസിറ്റുകളും സെക്യൂരിറ്റി സർട്ടിഫിക്കറ്റും പുറമെ ഷാപ്പു പിടിച്ചിട്ടുള്ളവർ ലൈസൻസിലെ നിബന്ധനകളിലും ചട്ടങ്ങളിലും വിവരിച്ച ഗ്യാരണ്ടിയായി ഷാപ്പിനുള്ള ഒന്നാം തുകയിൽ കുറയാത്ത ഒരു തുക അടയ്ക്കുന്നതിനുള്ള ഉറപ്പിനു വേണ്ടി ജാമ്യമായി 3000 ക. യിൽ കുറയാത്ത ഒരു തുക കൂടി ഓരോ ഷാപ്പിനും കെട്ടിവയ്ക്കേണ്ടതാകുന്നു. ഈ തുക ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിച്ച തീയതി മുതൽ 35 ദിവസത്തിനകമോ 1973 ഏപ്രിൽ 25-ാം തീയതിക്കകമോ ഏതാണ് ഒടുവിൽ വരുന്നത് ആ തീയതിക്കകം കെട്ടി വയ്ക്കേണ്ടതാണ്.

2. മേൽ 2-ാം വകുപ്പിൽ 'ഡി' ടാബ്ലിട്ടിരിക്കുന്ന ഡിപ്പോസിറ്റ് തുകയെ ബാധിക്കാതെ, മുമ്പിൽ നിന്ന സർക്കാരിലേക്ക് ഏതെങ്കിലും കുടിശ്ശിക കൊടുക്കപ്പെടാതിരിക്കുന്ന പക്ഷം മേൽ ഡിപ്പോസിറ്റിൽ നിന്നും ഈടാക്കപ്പെടും. കൂടാതെ ബാക്കിയുള്ള നിക്ഷേപത്തുക നിക്ഷേപകനു മടക്കി കൊടുക്കുന്നതാകുന്നു.

3. വിദേശ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ വീര്യം വിസ്കിക്കും, ബ്രാണ്ടിക്കും, റമ്മിനും 25° അ. പി. യും ജിന്നിന് 35° അ. പി.യും ആകുന്നു.

4. ലൈസൻസുകാർക്ക് ലഹരി പാനീയങ്ങൾ വാങ്ങിയിട്ടുള്ള രസീതു അവർ സൂക്ഷിക്കുകയും ചെയ്ത് അവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാകുന്നു.

5. ഇന്ത്യയിൽ നിർമ്മിച്ചതും ലേബൽ പതിപ്പിച്ചതും സീൽ ചെയ്തിട്ടുള്ളതും കുപ്പികളിൽ അടച്ചതും ആയ ലഹരി പാനീയങ്ങൾ മാത്രമേ വിൽപ്പനയ്ക്കായി വച്ചിട്ടുള്ളൂ. ആയവ അടച്ച കുപ്പികളിലും, കുപ്പികളിലും, മുദ്രയ്ക്കു കേടുവരാതെയും ലേബൽ ഒട്ടിച്ചിരിക്കുന്നതുമായ ഇന്ത്യയിൽ ഉണ്ടാ

കിയ ലഹരി പാനീയങ്ങൾ എന്നെഴുതിയിരിക്കുകയോ ചെയ്യേണ്ടതാകുന്നു. ഈ സംസ്ഥാനത്ത് കൈമാറ്റമായി ഇറക്കുമതി ചെയ്തോ വില്പനയ്ക്കായി കുപ്പികളിൽ നിറച്ചുവച്ചിട്ടുള്ളതോ ആയ എല്ലാ ലഹരിപാനീയങ്ങളും നിറച്ച എല്ലാ പാത്രങ്ങളിലും അവ ഉണ്ടാക്കുന്ന രാജ്യത്തിന്റെ പേരിനു പുറമെ, ലഹരിപാനീയങ്ങൾ കുപ്പിയിൽ നിറച്ച ലൈസൻസിയുടെ പേരും എവിടെവച്ചാണോ നിറച്ചത് ആ സ്ഥലത്തിന്റെ പേരും വിശദമായി അച്ചടിച്ച ലേബൽ ഒട്ടിച്ചിരിക്കണം.

6. ലൈസൻസുള്ള സ്ഥലങ്ങളിൽ വിദേശമദ്യം, ചായ, നിറച്ച ജലം, കൊക്കോ ബ്രാണ്ടി ഇവയല്ലാതെ മററു യാതൊരു സാധനവും വിററുകൂടാ.

7. ലൈസൻസിന്റെ കാലാവധി അവസാനിക്കുകയും അഥവാ ലൈസൻസു റദ്ദു ചെയ്കയും അപ്രകാരം റദ്ദ് ചെയ്തതായി ലൈസൻസുകാരന് നോട്ടീസു കൊടുക്കുകയും ചെയ്യുകയോ ചെയ്താൽ ലൈസൻസ്കാരൻ ലൈസൻസിന്റെ കാലാവധി അവസാനിച്ച തിയതി മുതലോ നോട്ടീസിന്റെ തിയതി മുതലോ 20 ദിവസത്തിനകം, സന്ദർഭാനുസരണം, വിദേശമദ്യം വില്ക്കുന്നതിന് ലൈസൻസുള്ള ഏതെങ്കിലും ഒരാൾക്ക് അയാളുടെ കൈവശമുള്ള വിദേശമദ്യത്തിന്റെ മുഴുവൻ സ്റ്റോക്കും വില്ക്കേണ്ടതാകുന്നു. ലൈസൻസുകാരൻ നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ അപ്രകാരം ചെയ്യാതിരുന്നാൽ ലൈസൻസുകാരന്റെ ഷാപ്പു സ്ഥിതിചെയ്യുന്ന റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ അപ്രകാരമുള്ള വിദേശമദ്യം കൈവശപ്പെടുത്തുന്നതും, ആയത് അദ്ദേഹത്തിന്റെ സൂക്ഷിപ്പിൽ ഇരിക്കുന്നതും ആകുന്നു. ആ വിദേശമദ്യം ലൈസൻസുള്ള മറ്റൊരു വിദേശമദ്യ വില്പനക്കാരനു മാത്രമായി വിൽക്കുന്നതിന് ലൈസൻസുകാരന് 30 ദിവസത്തെ കാലാവധി കൂടി അനുവദിക്കേണ്ടതാകുന്നു. വീണ്ടുമുള്ള ഈ കാലാവധി അവസാനിക്കുന്നതിനു മുമ്പ് ലൈസൻസുകാരൻ അതു വിൽക്കാതിരുന്നാൽ ആ ഡിവിഷന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ആ വിദേശമദ്യത്തെ പരസ്യമായി ലേലത്തിൽ വിൽക്കുന്നതും, വില്പനത്തുക വില്പന സംബന്ധിച്ച ചെലവുകൾ കുറച്ച ശേഷം ലൈസൻസുകാരന് നൽകുന്നതുമാകുന്നു.

8. ലൈസൻസുകാർ വിദേശമദ്യനിയമം അനുസരിച്ച് ലൈസൻസുകാരല്ലാത്തവർക്ക് വിൽക്കുന്ന വിദേശമദ്യത്തിന്റെ അളവനുസരിച്ച് അതാതുകാലത്ത് ഗവൺമെന്റിൽനിന്നും ക്ലിപ്തപ്പെടുത്തുന്ന ഗ്യാലണേജ് ഫീ വസൂലാക്കുന്നതാകുന്നു.

9. ലൈസൻസുകാരിൽനിന്നും ഗ്യാലണേജു ഫീ നിശ്ചയിച്ചിട്ടുള്ള റേററനുസരിച്ച് മാസംതോറും ഈടാക്കുന്നതാകുന്നു. ലൈസൻസുകാർ, (1) വിദേശമദ്യം ചട്ടമനുസരിച്ച് ലൈസൻസെടുത്തിട്ടുള്ള മറ്റു ലൈസൻസുകാർക്കും, (2) [illegible] ലൈസൻസില്ലാത്തവർക്കും, (3) സ്റ്റേറ്റിനു പുറത്തുള്ള സ്ഥലങ്ങളിലേക്ക് കയററി അയയ്ക്കുന്നതിന് ആയി നടത്തുന്ന വില്പനയ്ക്ക് വെവ്വേറെ കണക്കുകൾ വയ്ക്കേണ്ടതാകുന്നു.

10. മാസംതോറുമുള്ള ഗ്യാലണേജ് ഫീ തൊട്ടടുത്തമാസം 10-ാം തീയതിക്കുള്ളിൽ ഖജനാവിൽ അടയ്ക്കേണ്ടതും ആകുന്നു.

VI കൊക്കോ ബ്രാണ്ടിക്കു മാത്രമുള്ള പ്രത്യേക നിബന്ധനകൾ

11 (a) കൊക്കോബ്രാണ്ടി എന്നാൽ നിറം പിടിപ്പിച്ചതും വാസനയുള്ളതും കുപ്പിയിൽ അടക്കം ചെയ്തിട്ടുള്ളതും ഗവൺമെന്റ് അധികാരപ്പെടുത്തിയിട്ടുള്ള സപ്ലൈ കോൺട്രാക്ടറാൽ നിർമ്മിതമായി കൊക്കോ ബ്രാണ്ടി എന്ന പേരിൽ നൽകപ്പെടുന്ന തെങ്ങിൻ കള്ളിൽ ചാരായം എന്നാകുന്നു.

(b) നിറം പിടിപ്പിച്ചതും വാസനയുള്ളതുമായ കൊക്കോബ്രാണ്ടി ഡിസ്റ്റിലറിയുടെ ചാർജ് വഹിക്കുന്ന എക്സൈസ് ഇൻസ്പെക്ടറുടെ മുദ്രയോടുകൂടിയതും, ലേബൽ പതിച്ചിട്ടുള്ളതും, അടപ്പു മുദ്രയുള്ളതും, യഥാക്രമം 350, 700 മില്ലിലിറ്റർ ഉള്ളതും, ആയ അരക്കുപ്പികളിലും മുഴുക്കുപ്പികളിലും ആയി സംഭരിച്ച് കൊടുക്കുന്ന കുത്തക പിടിച്ചിട്ടുള്ളവർ ഷാപ്പുടമസ്ഥന്മാർക്ക് നൽകുന്നതാണ്.

(c) കൊക്കോ ബ്രാണ്ടി നിറച്ചിട്ടുള്ള ഓരോ കുപ്പിയിലും ആ കുപ്പിയിൽ അടങ്ങിയിരിക്കുന്ന ചാരായത്തിന്റെ പരിമാണത്തെയും വീര്യത്തെയും കാണിക്കുന്ന ഒരു സർട്ടിഫിക്കേറ്റോടുകൂടി അച്ചടിച്ച ലേബൽ പതിച്ചിരിക്കേണ്ടതാകുന്നു. സർട്ടിഫിക്കേറ്റ് താഴെപ്പറയുന്ന മാതിരിയിൽ ആയിരിക്കുന്നതും ലേബലിൽ അടിച്ചിരിക്കുന്നതുമാകുന്നു. "ഈ കുപ്പിയിൽ (25° യു. പി.) അല്ലെങ്കിൽ (25° യു. പി. വീര്യമുള്ള 700 മില്ലിലിറ്റർ അല്ലെങ്കിൽ 350 മില്ലിലിറ്റർ) കൊക്കോ ബ്രാണ്ടി, നിറച്ചിരിക്കുന്നു എന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു". ഡിസ്റ്റിലറി ഇൻസ്പെക്ടറും, ഡിസ്റ്റിലറിയിലെ സംഭരിച്ചുകൊടുക്കുന്ന കുത്തകക്കാരന്റെ ഏജന്റും, സർട്ടിഫിക്കേറ്റിൽ ഒപ്പിട്ടിരിക്കേണ്ടതാണ്.

(d) പണ്ടകശാലയിൽ നിന്നോ ഡിസ്റ്റിലറിയിൽ നിന്നോ നൽകുന്നതുപോലെ ആയത് മുദ്രയോടുകൂടി ഭദ്രമാക്കിയിട്ടുള്ള 700-ഓ, 350-ഓ മില്ലിലിറ്റർ കുപ്പികളിൽ കൊക്കോ ബ്രാണ്ടി വിൽക്കുന്നതിനും, അതിനെ ചില്ലറയ്ക്ക് വിൽക്കുന്നതിനും അനുവദിച്ചിരിക്കുന്നു. ചില്ലറയ്ക്കു വിൽക്കുന്ന ആവശ്യത്തിന് ഷാപ്പിൽ ഒരു സമയത്തിനു ഒരു പൈന്റ് അല്ലെങ്കിൽ ഒരു കുപ്പിയിൽ കൂടുതൽ പൊട്ടിച്ചു വച്ചിരിക്കാൻ പാടുള്ളതല്ല. മുമ്പു പൊട്ടിച്ച ഒരു കുപ്പി മുഴുവനും തീർന്നതിനുശേഷം മാത്രമേ പുതിയതായ ഒരു കുപ്പി പൊട്ടിക്കാൻ പാടുള്ളൂ. ഒരു ന്യായമായ വിലയ്ക്കു മാത്രമേ കോൺട്രാക്ടർ ഈ സാധനം വിൽക്കാൻ പാടുള്ളൂ. ആവശ്യമുള്ളിടത്തോളം ബോർഡിനു വില്പനവില നിശ്ചയിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്. ഇതിനുവേണ്ടി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ ഏതെങ്കിലും ലംഘനം ലൈസൻസ് നിബന്ധനകളിൽ നിന്നുള്ള വ്യതിചലനമായി കരുതുന്നതാണ്.

(e) അടപ്പുമുദ്രകളോ, മുദ്രകളോ, ലേബലുകളോ മുതലായവ ഇല്ലാത്ത കുപ്പികൾ പണ്ടകശാലയിൽനിന്നോ ഡിസ്റ്റിലറിയിൽ നിന്നോ ഷാപ്പുടമസ്ഥന്മാർ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. അടപ്പു മുദ്ര ഇല്ലാത്തതോ ഏതാനും ഭാഗമോ മുഴുവനുമോ അഴിഞ്ഞുപോയിട്ടുള്ള മുദ്രയോ ലേബലോ ഉള്ളതോ ആയ കൊക്കോ ബ്രാണ്ടി നിറച്ചിട്ടുള്ള വല്ല കുപ്പിയും യാതൊരു ഷാപ്പുടമസ്ഥനും കൈവശം വച്ചിരിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(f) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ കൊക്കോ ബ്രാണ്ടിയുടെ വിതരണാവകാശം ഏറെറടുത്തിട്ടുള്ള കൺട്രാക്ടറോ അയാളാൽ സ്ഥാപിതമായ ഏററവും അടുത്ത പണ്ടകശാലയിൽനിന്നോ ഡിസ്റ്റിലറിയിൽനിന്നോ നൽകുന്നതായിരിക്കും. സപ്ലൈ കോൺട്രാക്ടർക്ക് ചെല്ലേണ്ട തുക പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

N.B.—തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ [illegible] നിരക്കുകളിൽ സപ്ലൈ കോൺട്രാക്ടർ ([illegible] ഡിസ്റ്റിലറി, ചെറുവത്തൂർ) ഷൊർണൂരിനു ഏററവും അടുത്ത റയിൽവേസ്റ്റേഷനിൽ കൂടിയോ ഏററവും അടുത്ത റോഡ് ട്രാൻസ്പോർട്ട് പാഴ്സൽ ഏജൻസി വഴിയോ ലൈസൻസുകാരന്റെ ചെലവിൻമേലും ഉത്തരവാദിത്വത്തിലും കൊക്കോബ്രാണ്ടി എത്തിച്ചു കൊടുക്കുന്നതാണ്.

(g) അതാതു സമയങ്ങളിൽ നിലവിലിരിക്കുന്ന റേററനുസരിച്ച് വെയർഹൗസിൽനിന്നോ ഡിസ്റ്റിലറിയിൽനിന്നോ കൊടുക്കുന്നതായ കൊക്കോ ബ്രാണ്ടിക്ക് ഡ്യൂട്ടിയും ഗ്യാലണേജും ഫീയും മുൻകൂട്ടി ഈടാക്കുന്ന

ആകുന്നു. പണ്ടകശാലയിലോ തൊട്ടടുത്ത റെയിൽവേ സ്റ്റേഷനിലേക്കു, റോഡ് ട്രാൻസ്പോർട്ട് പാർസൽ ഓഫീസിലോ എക്സൈസ് ഓഫീസിലോ നിന്ന് വിലയ്ക്കു വാങ്ങുന്ന കൊക്കോ ബ്രാണ്ടി നിറച്ച കുപ്പികൾ ലൈസൻസുകാരൻ ഉത്തരവാദിത്തത്തിന്മേലും ചെലവിന്മേലും എടുപ്പിക്കേണ്ടതാകുന്നതാകുന്നു. കൊണ്ടുപോകുമ്പോൾ വല്ല ഉടവോ ചോർച്ചയോ ഉണ്ടാകുന്നതിനെ സംബന്ധിച്ച വല്ല പാട്ടത്തുകയും തിരിച്ചുകൊടുക്കുന്നതിനു ബാധിപ്പിക്കുന്ന യാതൊരവകാശവും സാധിക്കുന്നതല്ല.

(h) കുത്തക നിലനിൽക്കുന്ന കാലത്ത് എല്ലാ സമയത്തും ഗവൺമെന്റിന് 25° യു. പി. വീര്യമുള്ള കൊക്കോ ബ്രാണ്ടി കൊടുക്കുന്നതിനെ നിരുത്തലാക്കാൻ ഉത്തരവു ചെയ്യാവുന്നതും 35° യു. പി. വീര്യമോ 60° യു. പി. യിൽ കുറയാത്ത വീര്യമോ ഉള്ളതായ കൊക്കോ ബ്രാണ്ടി കൊടുക്കുന്നതിന് നിർദ്ദേശിക്കാവുന്നതുമാകുന്നു. 35° യു. പി. യിൽ കുറഞ്ഞ വീര്യമുള്ള കൊക്കോ ബ്രാണ്ടി കൊടുക്കുന്നതിന് ഉത്തരവാകുന്നതായാൽ അതു സംഭരിച്ച് കൊടുക്കുന്നതിനുള്ള വിലയും അതിനുള്ള തീരുവയും 25° യു. പി. യും 65° യു. പി. യും വീര്യമുള്ളതിനു മുകളിൽ പറഞ്ഞിട്ടുള്ള വിലയുടെയും തീരുവയുടെയും അനുപാതം അനുസരിച്ച് ഇരിക്കുന്നതാകുന്നു. ലൈസൻസുകാരൻ പണ്ടകശാലയിൽ നിന്നു വാങ്ങിയ കൊക്കോ ബ്രാണ്ടി യിൽനിന്ന് ഒരു ഗ്യാലനു് പറ്റി കുറയുന്നതിനും ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിക്കാവുന്നതാകുന്നു.

(i) ലൈസൻസുകാരൻ എപ്പോഴെങ്കിലും കൊക്കോ ബ്രാണ്ടി വിലയ്ക്കു വാങ്ങേണ്ടിവരികയാണെങ്കിൽ അത് വിലയ്ക്കു വാങ്ങുന്നതിന് ആവശ്യമുള്ള കൊക്കോ ബ്രാണ്ടിയുടെ പരിമാണത്തിൽ ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട തീരുവ മുതലായവയുടെ തുക ഖജനാവിൽ ആ റെയിഞ്ചിലെ എക്സൈസ് ഇൻസ്പെക്ടറോ ഈ കാര്യത്തിൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റുദ്യോഗസ്ഥനോ തെളിയിപ്പിട്ടിട്ടുള്ള ഒരു ചെലാൻ അപ്പോഴപ്പോൾ നിശ്ചയിക്കപ്പെടുന്ന ഖജനാവു മുഖേന അടയ്ക്കേണ്ടതാകുന്നു. അതിനുശേഷം തീരുവ മുതലായവ അടച്ചതിനു ഖജനാവിൽനിന്നും ലഭിക്കുന്ന രസീത് കാര്യത്തിലേക്ക് അയച്ചു പോലെ പണ്ടകശാലയുടെയോ ഡിസ്റ്റിലറിയുടെയോ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാക്കേണ്ടതും ആവശ്യപ്പെട്ടിട്ടുള്ള പരിമാണം അനുസരിച്ച് കൊക്കോ ബ്രാണ്ടി കൊടുക്കുന്നതിന് അദ്ദേഹം സംഭരിച്ചുകൊടുക്കുന്ന കോൺട്രാക്ടറോട് ആജ്ഞാപിക്കുന്നതും ആകുന്നു. മേൽപ്പറഞ്ഞ പരിമാണത്തിൽ കൊക്കോ ബ്രാണ്ടി സംഭരിച്ചുകൊടുക്കുന്നതിന് തനിക്കു കിട്ടേണ്ട വില അയാൾ സപ്ലൈ (സംഭരിക്കുന്ന) കോൺട്രാക്ടറുടെ പക്കലോ അയാളുടെ അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റിന്റെ പക്കലോ ഒരുമിച്ചു കൊടുക്കേണ്ടതാകുന്നു. ടി കൊക്കോ ബ്രാണ്ടി കൊടുക്കുന്നതിന് സപ്ലൈ കോൺട്രാക്ടർക്കുള്ള ചുമതല അംഗീകരിക്കപ്പെട്ട ഒഴിവു ദിവസങ്ങൾ ഒഴിച്ച് ആ ഉത്തരവു ലഭിച്ചതിനുശേഷം 48 മണിക്കൂർ കഴിയുമ്പോൾ മാത്രമേ തുടങ്ങുകയുള്ളൂ.

(j) ഒരു അവസരത്തിൽ ഡിസ്റ്റിലറിയിൽ നിന്നോ പണ്ടകശാലയിൽനിന്നോ ഒരു ലൈസൻസുകാരനു വാങ്ങാവുന്ന കൊക്കോ ബ്രാണ്ടിയുടെ ഏറ്റവും കുറഞ്ഞ അളവ് അഞ്ചു ലിറ്റർ ആയിരിക്കുന്നതാകുന്നു.

VII. <u>സ്വതന്ത്ര പരിധികളിൽ വിദേശമദ്യം വിൽപ്പന സ്ഥലങ്ങളിൽ കൈവശമിരിക്കുന്നതിനും, മൊത്തമായി സംഭരിച്ചു ചെയ്യുന്നതിനും, ചില്ലറ വിൽപ്പനയ്ക്കും. ഉള്ള ലൈസൻസുകളെ സംബന്ധിക്കുന്ന നിബന്ധനകൾ</u>

1.* ഈ ലൈസൻസിൽ പ്രകാരമുള്ള അതാതുതരം കുപ്പികളിൽ അടച്ച് മുദ്രവെച്ചിട്ടുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയ്ക്കുമാത്രമുള്ളതാകുന്നു.

2. ഒരു സമയം 300 മില്ലിലിറ്ററിൽ വിദേശമദ്യം നിറച്ചിട്ടുള്ള കുപ്പിയിൽ കുറഞ്ഞ വിൽപ്പന പാടുള്ളതല്ല.

3. പ്രസ്തുത ലൈസൻസിൻ പ്രകാരം വിൽക്കപ്പെടുന്ന മദ്യം. വിൽപ്പനസ്ഥലത്തുവച്ചു പാനം ചെയ്യാൻ അനുവദിക്കപ്പെടുന്നതല്ല.

4. മേലെഴുതിയ നിബന്ധനകളിലെ 10-ാം വകുപ്പിലും 15-ാം വകുപ്പിലും പ്രസ്താവിച്ചിരിക്കുന്ന ഫീസ് അടയ്ക്കുന്നതിനു പുറമേ ഇതു പരിശീലിപ്പിച്ചിട്ടുള്ള ലൈസൻസിലെ നിബന്ധനകളിലും ചട്ടങ്ങളിലും വിവരിച്ച ഗ്യാലനേജുഫീസ് മാസംതോറും അടയ്ക്കുന്നതിനുള്ള ഉറപ്പിനുവേണ്ടി മുൻകൂറായി 3,000 ക. ക്യാഷ് ഡെപ്പോസിറ്റും കെട്ടിവയ്ക്കേണ്ടതാകുന്നു. ഈ തുക ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കപ്പെടുന്ന തീയതിമുതൽ 25 ദിവസത്തിനകമോ 1973 ഏപ്രിൽ 25-ാം തീയതിക്കകമോ ഏതാണ് ആദ്യം വരുന്നത് ആ തീയതിക്കകം കെട്ടിവയ്ക്കേണ്ടതാണ്. ഇപ്രകാരം ഡെപ്പോസിറ്റ് കെട്ടിവയ്ക്കാത്ത പക്ഷം ലൈസൻസുകാരനു നൽകിയിട്ടുള്ള ലൈസൻസ് റദ്ദുചെയ്യപ്പെടുന്നതാണ്.

5. മേൽ വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ഡിപ്പോസിറ്റു തുകയുടെ പലിശ പ്രകാരം ക്യാഷായിത്തന്നെ സർക്കാരിലേക്ക് കൊടുക്കേണ്ടതാണ്. മുദ്രപത്രമായോ മറ്റോ കൊടുക്കപ്പെടുന്നതിനോ നിയമം അനുവദിക്കുന്നില്ല. ഇതിനു പുറമേ സർക്കാരിലേക്കുള്ള നിക്ഷേപമായി നിക്ഷേപകന് മടക്കി കൊടുക്കുന്നതാകുന്നു.

6. വിൽപ്പനയ്ക്കുള്ള വിദേശമദ്യങ്ങളുടെ കുറഞ്ഞ വീര്യം വിസ്കി, ബ്രാണ്ടി, റം എന്നിവയ്ക്ക് 25° യു. പി. യിലും ജിന്നിന് 35° യു. പി. യുമാകുന്നു.

7. ലൈസൻസുകാരൻ സ്വന്തം പരിസരത്തിൽ ലൈസൻസ് ശരിയായ സ്ഥലത്തു പതിപ്പിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാകുന്നു.

8. ഇൻഡ്യയിൽ നിർമ്മിച്ചതും വിദേശനിർമ്മിതമായതും ആയ വിദേശമദ്യങ്ങൾ അടങ്ങിയിട്ടുള്ളതും വില്പനയ്ക്കായി വച്ചിട്ടുള്ളതും ആയ ഓരോ പെട്ടിയിലും കുപ്പിയിലും ബ്രാൻഡിന്റെ പേരും വിലയും കാണത്തക്കവിധം രേഖപ്പെടുത്തിയിരിക്കുകയോ അല്ലാതെ ഇൻഡ്യയിൽ ഉണ്ടാക്കിയതോ ഇറക്കുമതി ചെയ്തതോ ആണെന്ന് കാണിക്കുകയോ ചെയ്യേണ്ടതാകുന്നു. ഈ സംബന്ധമായി ഇറക്കുമതി ചെയ്തതോ വിൽപ്പനയ്ക്കായി കുപ്പികളിൽ നിറച്ചു വച്ചിട്ടുള്ളതോ ആയ എല്ലാ ലേബലുകളിലും നിറച്ച എല്ലാ പാത്രങ്ങളിലും ഇവ ഉണ്ടാക്കുന്ന ഡിസ്റ്റിലറിയുടെ പേരും എല്ലാ പാനീയങ്ങളും കുപ്പിയിൽ നിറച്ച ലൈസൻസിയുടെ പേരും ഏതിനത്തിലുള്ളതാണോ നിറച്ചത് ആ സ്ഥലത്തിന്റെ പേരും വ്യക്തമായി അച്ചടിച്ച ലേബൽ ഒട്ടിച്ചിരിക്കണം.

9. ലൈസൻസ് നൽകപ്പെട്ടിട്ടുള്ള വ്യാപാരസ്ഥലത്ത് വിദേശമദ്യത്തിനുള്ള മറ്റു യാതൊരു മദ്യവും സൂക്ഷിക്കപ്പെടുകയോ വ്യാപാരം ചെയ്യപ്പെടുകയോ പാടില്ലാത്തതാകുന്നു.

10. ലൈസൻസിയിൽ കാലാവധി അവസാനിക്കുകയോ അത് മറ്റൊരു കുത്തക വിൽപ്പനക്കാർക്ക് പതിച്ചുകൊടുക്കുകയും ചെയ്യുകയോ അല്ലാത്ത ലൈസൻസ് റദ്ദു ചെയ്യുകയും മറ്റു പ്രകാരം ഒഴിവു ചെയ്യപ്പെടുകയോ ചെയ്താൽ ലൈസൻസുകാരൻ ലൈസൻസിയിലെ കാലാവധി അവസാനിച്ച് കഴിഞ്ഞിട്ടുള്ള തീയതിമുതൽ 30 ദിവസത്തിനകം സ്റ്റോക്ക് മുഴുവനും വിറ്റൊഴിക്കുന്നതിന് ലൈസൻസുള്ള ഏതെങ്കിലും ആൾക്ക് അയാളുടെ കൈവശമുള്ള മദ്യത്തിന്റെ മുഴുവൻ സ്റ്റോക്കും വിറ്റുകൊടുക്കേണ്ടതാകുന്നു. ലൈസൻസുകാരൻ നിർദ്ദിഷ്ട കാലാവധിയ്ക്കുള്ളിൽ അപ്രകാരം ചെയ്യാതിരുന്നാൽ ലൈസൻസുകാരന്റെ മേൽ സ്ഥിതിചെയ്യുന്ന റെയിഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ അപ്രകാരമുള്ള വിദേശമദ്യം കൈവശപ്പെടുത്തുന്നതും ആയത് സർക്കാരിന്റെ സൂക്ഷിപ്പിൽ ഇരിക്കുന്നതും ആകുന്നു. ആ വിദേശമദ്യം ലൈസൻസുള്ള മറ്റൊരു വിദേശമദ്യ വിൽപ്പനക്കാരന് ന്യായമായ

വിൽക്കുന്നതിനു ലൈസൻസുകാരന് 30 ദിവസത്തെ കാലാവധികൂടി അനുവദിക്കേണ്ടതാകുന്നു. വിധിച്ചിട്ടുള്ള ഈ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ലൈസൻസുകാരൻ അതു വിൽക്കാതിരുന്നാൽ ആ ഡിവിഷന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ആ വിദേശമദ്യത്തെ പരസ്യമായി ലേലത്തിൽ വിൽക്കുന്നതും, വിൽപ്പനത്തുക വിൽപ്പനസംബന്ധിച്ച ചെലവുകൾ കുറച്ചശേഷം ലൈസൻസുകാരന് നൽകുന്നതുമാകുന്നു.

11. ലൈസൻസുകാരൻ വിദേശമദ്യനിയമം അനുസരിച്ച് ലൈസൻസുകാരുമായുള്ളവർക്ക് വിൽക്കുന്ന വിദേശമദ്യത്തിന്റെ അളവനുസരിച്ച് അതാതുകാലത്ത് ഗവൺമെന്റിൽനിന്നും ക്ലിപ്തപ്പെടുത്തുന്ന ഗ്യാലണേജ് ഫീ വസൂലാക്കുന്നതാകുന്നു.

12. ലൈസൻസുകാരിൽ നിന്നും ഗ്യാലണേജ്ഫീ നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ച് മാസംതോറും ഈടാക്കുന്നതാകുന്നു. ലൈസൻസുകാർ, (1) വിദേശമദ്യ ചട്ടമനുസരിച്ച് ലൈസൻസെടുത്തിട്ടുള്ള മറ്റു ലൈസൻസുകാർക്കും (2) അതതു ലൈസൻസ് ഉള്ളവർക്കും (3) സംസ്ഥാനത്തിനു പുറത്തുള്ള സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും ആയി നടത്തുന്ന വിൽപ്പനയ്ക്കു വെവ്വേറെ കണക്കുകൾ വയ്ക്കേണ്ടതാകുന്നു.

13. മാസംതോറുമുള്ള ഗ്യാലണേജ്ഫീ അതിന്റെ അടുത്തമാസം 10-ാം തീയതിക്കുള്ളിൽ ട്രഷറിയിൽ അടയ്ക്കേണ്ടതും ആകുന്നു.

14. ഷാപ്പുകളെ ഈ ചുങ്ക വർഷത്തിൽതന്നെ അവ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നോ പ്രദേശത്തുനിന്നോ മറ്റൊന്നിലേക്ക് മാറ്റുന്നതിന് ആവശ്യമായി കാണുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഷാപ്പിന്റെ അതിർത്തികളെ ഭേദപ്പെടുത്തുകയോ ചെയ്യുന്നതിനോ റവന്യൂബോർഡിനു അധികാരമുള്ളതാകുന്നു. ജനങ്ങളുടെ സൗകര്യത്തിനോ സദാചാരത്തിന്റെ ഗുണത്തിനോ ആയി ആകട്ടെ യുക്തമെന്നുള്ള കാരണത്തിന്മേലൊക്കെ വല്ല പീടികയേയും അടയ്ക്കണമെന്ന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സ്ഥാപിക്കുകയോ ചെയ്യുന്നതിന് റവന്യൂബോർഡിന് അധികാരമുള്ളതാകുന്നു. ഷാപ്പ് മാറ്റുകയോ അടയ്ക്കുകയോ ചെയ്താലുണ്ടാകുന്ന നഷ്ടത്തിനു നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിന് കണ്ട്രാക്ടർക്ക് അവകാശമില്ലാത്തതാകുന്നു.

15. പീടികയ്ക്കു മുമ്പിൽ പ്രത്യക്ഷമായ സ്ഥലത്ത് ഒരു അടയാള ബോർഡ് സ്ഥാപിക്കേണ്ടതാകുന്നു. അതിൽ ലൈസൻസ് നമ്പർ ലൈസൻസിയുടെ പേര്, ഷാപ്പിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. പീടികയ്ക്കുള്ളിൽ എല്ലാവർക്കും കാണാവുന്ന ഒരു സ്ഥലത്ത് ലൈസൻസ് തൂക്കിയിടണം.

16. സേവിക്കുന്നതിനു കൊള്ളരുതാത്തതായോ, കലർപ്പു ചേർന്നിട്ടുള്ളതായി സംശയിക്കപ്പെട്ടതായോ ഉള്ള മദ്യവും കൈവശപ്പെടുത്തുന്നതിന് പീടികകളെ പരിശോധിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഓരോ ഉദ്യോഗസ്ഥനും അധികാരമുള്ളതാകുന്നു. പീടികയിൽ വച്ചിരിക്കുന്ന വിദേശമദ്യം സേവിക്കുന്നതിനു കൊള്ളരുതാത്തതോ, കലർപ്പു ചേർന്നിട്ടുള്ളതോ ആണെന്നു കണ്ടാൽ അതിനെ നശിപ്പിക്കുന്നതിനോ പിടിച്ചെടുക്കുന്നതിനോ റവന്യൂബോർഡിനേയും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെയും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെയും അധികാരപ്പെടുത്തിയിരിക്കുന്നു.

17. പതിനെട്ടു വയസ്സിനു താഴെയുള്ള വല്ല ആളോ, കുഷ്ഠരോഗമോ മറ്റുവല്ല സാംക്രമിക രോഗങ്ങളോ പിടിപെട്ടിട്ടുള്ള ആരെങ്കിലുമോ വിദേശമദ്യം വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നതിനേയും, പീടികകളിൽ അങ്ങിനെയുള്ള ആളുകളെ പണിക്കാക്കുന്നതിനേയും നിരോധിച്ചിരിക്കുന്നു.

18. ഷാപ്പിലുള്ള പ്രവർത്തനസമയം, ദിവസം പ്രതി പന്ത്രണ്ടു മണിക്കൂറിൽ കവിയാൻ പാടില്ലെന്നുള്ള വ്യവസ്ഥയ്ക്കു വിധേയമായി ഓരോ പ്രദേശത്തെയും ഷാപ്പുകളുടെ പ്രവർത്തന സമയം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് യുക്തംപോലെ നിശ്ചയിക്കാവുന്നതാണ്. എന്നാൽ ഉത്സവങ്ങൾ, വിശേഷാൽ ചന്തകൾ മുതലായ പ്രത്യേക അവസരങ്ങളിലൊഴികെ യാതൊരു ഷാപ്പും കാലത്ത് 9 മണിക്കു മുമ്പും രാത്രി 10 മണിക്കു ശേഷവും തുറന്നിരിക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ഈ നിബന്ധനകളിൽ അയവു വരുത്താവുന്നതാകുന്നു.

19. റൊക്കം പണത്തിനായിട്ടല്ലാതെ പീടികകളിൽ വിദേശമദ്യം വിൽക്കരുത്.

20. ഓരോ ലൈസൻസുകാരനും തന്നോടന്നു നടക്കുന്ന കൊടുക്കൽ വാങ്ങലുകളുടെ സത്യമായ വിവരം റവന്യൂബോർഡ് നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ മഷികൊണ്ട് ദിവസേന എഴുതി തന്റെ പീടികയിൽ വച്ചിരിക്കേണ്ടതാകുന്നു. ആ വിധം കണക്കുകൾ അച്ചടിച്ച പുസ്തകങ്ങളിൽ ആയിരിക്കണം. ഈ പുസ്തകങ്ങൾ ക്രയവിലകൊടുത്ത് എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും വാങ്ങിക്കാവുന്നതാകുന്നു. ആ കണക്കുകൾ അതതു പീടികകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാകുന്നു. ഷാപ്പുകാർ മദ്യം വാങ്ങിയതിനു കിട്ടിയിട്ടുള്ള പെർമിറ്റുകൾ പരിശോധനയ്ക്കായി ഷാപ്പിൽ സൂക്ഷിച്ചിരിക്കേണ്ടതും, പരിശോധനാ ഉദ്യോഗസ്ഥന് ആവശ്യപ്പെടുമ്പോൾ കാണിച്ചു കൊടുക്കേണ്ടതുമാണ്.

21. റവന്യൂബോർഡും എക്സൈസ് ഉദ്യോഗസ്ഥന്മാരും അതാതുകാലം ആവശ്യപ്പെടാവുന്ന വിവരക്കണക്കുകളും മറ്റുവിവരങ്ങളും ഓരോ ലൈസൻസുകാരനും അയയ്ക്കേണ്ടതാകുന്നു.

22. മദ്യം കടത്തിക്കൊണ്ടുപോവുകയോ വിൽക്കുകയോ ചെയ്യുന്നതിൽ ഓരോ ലൈസൻസുകാരനാലും നിയുക്തനായ വല്ല ആളും കലാൽ നിയമമോ അഫീൻ നിയമമോ അവയനുസരിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള വല്ല ചട്ടമോ ലംഘിച്ചു നടന്നതായ വല്ല സംഗതിയും തന്റെ അറിവിൽപെടുന്നതായാൽ ആ എല്ലാ സംഗതികളും റവന്യൂബോർഡിനോ ഡിവിഷൻ ചാർജ്ജു വഹിക്കുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കോ റിപ്പോർട്ടു ചെയ്യുന്നതിനും, അങ്ങിനെയുള്ള ആളിനെ മേലാൽ ജോലിയിൽ വച്ചിരിക്കരുതെന്ന് റവന്യൂ ബോർഡോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറോ കൊടുക്കുന്ന ഏതൊരുത്തരവിനെയും അനുസരിക്കുന്നതിനും ഓരോ ലൈസൻസുകാരനും നിർബന്ധിതനായിരിക്കുന്നതാകുന്നു.

23. ലൈസൻസുകാരൻ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരുടെ റിമാർക്കുകൾ എഴുതുന്നതിന് വശങ്ങൾക്കു തുന്നിച്ചേർത്ത നമ്പരിട്ട ഒരു പരിശോധനാ നോട്ടുബുക്ക് തന്റെ പീടികയിൽ വച്ചിരിക്കണം.

24. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ രേഖാമൂലമായ സമ്മതം കൂടാതെ ലൈസൻസുകാരൻ തന്റെ കുത്തകയുടെയോ ലൈസൻസിന്റെയോ വിഷയത്തെ വിൽക്കുകയോ മറ്റു വിധത്തിൽ കൈമാറി കൊടുക്കുകയോ ചെയ്യരുത്. ലൈസൻസുപ്രകാരം അയാൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യാവകാശം മുഴുവനുമോ അതിൽ വല്ല ഭാഗമോ ലൈസൻസുകാരൻ പാട്ടത്തിനു കൊടുക്കുകയോ കീഴ്കുത്തകയായി കൊടുക്കുകയോ ചെയ്യരുത്.

25. റവന്യൂബോർഡോ റവന്യൂബോർഡ് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ ലൈസൻസുകാരൻ ലൈസൻസിനെ റദ്ദു ചെയ്യപ്പെടുത്തുന്നതിനോ പുതുക്കുന്നതിനോ കൊടുക്കേണ്ടതാകുന്നു.

26. ലൈസൻസുകാരൻ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുമായി യാതൊരുവിധ പണമിടപാടും ചെയ്യരുത്.

27. അവകാശത്തെ ഏതു തുകയ്ക്കു വാങ്ങിയോ ആ തുക അതാതുകാലം ആവശ്യപ്പെടുന്നതുപോലെ സ്ഥലം താലൂക്ക് ഖജനാവിലോ മറ്റു ഖജനാവിലോ ലൈസൻസുകാരൻ അടക്കണം. 1973 ഏപ്രിൽ 1-ാം തീയതി മുതൽ 1974 മാർച്ച് 31-ാം തീയതി വരെയുള്ള കാലത്തെ ചെലവുകൾ 10 തുല്യ തവണകളായി 1973 ഏപ്രിൽ മുതൽ ഓരോ മാസവും 10-ാം തീയതിക്കകം അടയ്ക്കേണ്ടതാണ്. അങ്ങനെ അടക്കാതിരുന്നാൽ 11-ാം തീയതി മുതൽ പലിശ ചുമത്തുന്നതാകുന്നു. എന്നാൽ 20-ാം തീയതി കഴിയുന്നതുവരെ ലൈസൻസ് റദ്ദു ചെയ്യുന്നതിനോ ആ അവകാശത്തെ വീണ്ടും വിൽക്കുന്നതിനോ ഉത്തരവു കൊടുക്കുന്നതല്ല. അബ്കാരിസ് സെക്യൂരിറ്റി സംഖ്യ നിശ്ചിത തീയതിക്കുമുമ്പ് കെട്ടിവയ്ക്കാത്തതുമൂലം ഷാപ്പ് പുനർലേലം ചെയ്യേണ്ടതായി വന്നാൽ അപ്രകാരമുള്ള പുനർലേലത്തിൽ കിട്ടുന്ന സംഖ്യയ്ക്ക് 1973 ഏപ്രിൽ 1-ാം തീയതി മുതൽ 9 ശതമാനപ്രകാരമുള്ള പലിശ ആദ്യലേലക്കാരൻ കൊടുക്കുന്നതിനു ബാദ്ധ്യസ്ഥനാകുന്നു. പലിശ നിർണ്ണയിക്കുമ്പോൾ 10-5-65 ജി. ഒ. എം. എസ്. 449 / Revenue ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശമനുസരിച്ച് [illegible] ദിവസത്തെ ഒരു മാസമായി കണക്കാക്കുകയും പതിനഞ്ചിൽ കുറവായ ദിവസങ്ങൾ തള്ളിക്കളയുകയും ചെയ്യുന്നതാണ്. അതുപോലെതന്നെ കുടിശ്ശിക തുക നിശ്ചിതസംഖ്യയായി വരുമ്പോൾ പലിശ കണക്കാക്കുന്നതിലേക്ക് 50 പൈസയോ അതിൽ കൂടുതലോ ഒരു രൂപയായി ഗണിക്കുന്നതും 50 പൈസയിൽ കുറവുള്ളത് തള്ളിക്കളയുന്നതുമാണ്.

28. ലേലസംഖ്യയെ വിട്ടുകൊടുക്കണം എന്നോ കുറയ്ക്കണമെന്നോ മറ്റേതു സംഗതിയിലും ലൈസൻസുകാരൻ അവകാശപ്പെട്ടുകൂടാ.

29. ലൈസൻസുകാരൻ ഒരു ഖജനാവിൽ തന്റെ കിസ്ത്, ഡ്യൂട്ടി, ട്രീടാക്സ് ഫീസ് ഇവയ്ക്കോ, പിടികൂടി സംബന്ധിച്ച മറ്റു ബാദ്ധ്യതകൾക്കോ ആയി പണം അടയ്ക്കേണ്ടതായിരിക്കുമ്പോൾ താനോ താൻ അധികാരപ്പെടുത്തിയിരിക്കുന്ന ഏജന്റോ ഒപ്പിട്ടിട്ടുള്ളതും ആ ഖജനാവിലേക്ക് [illegible] ഡെപ്യൂട്ടി എക്സൈസ് ഇൻസ്പെക്ടറോ ഇതിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ആഫീസറോ പണം അടയ്ക്കേണ്ടതിനു മൂന്നു ദിവസത്തിൽ അധികം മുമ്പായിട്ടല്ലാതെ മേലൊപ്പിട്ടിട്ടുള്ളതും ആയ പണം അടക്കേണ്ടുന്നതിനുള്ള ഒരു ചെലാൻ പണത്തോടുകൂടി അതാതു ഖജനാവിൽ ഹാജരാക്കണം. ലൈസൻസുകാരന് ആവശ്യമാണെന്നു തോന്നുന്നപക്ഷം ടി ഇനങ്ങളിലേക്കുള്ള തുക ഒന്നായി എക്സൈസ് ഇൻസ്പെക്ടറെ ഏൽപ്പിച്ച് T. R. 5-ാം നമ്പർ ഫാറത്തിൽ രശീത് വാങ്ങാവുന്നതാണ്.

30. ലൈസൻസുകാരൻ വല്ല മാസത്തിലേക്കും അടയ്ക്കാനുള്ള കിസ്ത്, ഡ്യൂട്ടി, ട്രീടാക്സ് ഫീസ് ഇവ 27-ാം വകുപ്പനുസരിച്ച് ചെല്ലാനുള്ള പലിശയോടുകൂടി ആ മാസത്തിന്റെ [illegible] തീയതിക്കകം അതിനു മുമ്പു അടക്കാൻ വീഴ്ച വരുത്തുന്ന സംഗതിയിൽ [illegible] എക്സൈസ് കമ്മീഷണർക്ക് ലൈസൻസുകാരന്റെ യോഗ്യതയെ [illegible] ലൈസൻസിനെ റദ്ദു ചെയ്ത് അവകാശത്തെ വീണ്ടും വിൽക്കുന്നതിന് ആജ്ഞാപിക്കയോ, കൃത്യത്തെ ഡിപ്പാർട്ടുമെന്റു മുഖാന്തിരം നടത്തുന്നതിന് ആജ്ഞാപിക്കയോ അകൃത്യത്തെപ്പറ്റി മറ്റു വിധത്തിൽ തീർപ്പുകല്പിക്കയോ ചെയ്യാം. അവകാശത്തെ അങ്ങനെ റദ്ദാക്കി വീണ്ടും വിൽക്കുകയോ ഡിപ്പാർട്ടുമെന്റു മുഖേന നടത്തുകയോ മറ്റുവിധത്തിൽ തീർപ്പുകല്പിക്കുകയോ ചെയ്യുന്നതുകൊണ്ട് [illegible] വീഴ്ച വരുത്തിയ ലൈസൻസുകാരൻ [illegible]. എന്നാൽ അതുകൊണ്ട് വല്ല ആദായവും ഉണ്ടായാൽ അതിലേക്ക് ലൈസൻസുകാരന് അവകാശമില്ലാത്തതും ആകുന്നു. വീണ്ടും വിൽക്കുന്നതു കൊണ്ടുള്ള വിനിയോഗിക്കുന്നതിൽ സംഭവിക്കും ഉൾപ്പെടുന്നു. കുത്തകക്കാലത്തിന്റെ ആരംഭത്തിൽ കെട്ടിവച്ചിട്ടുള്ള വിൽപ്പനയിനു തുക [illegible] ഉൾപ്പെടുന്നു. [illegible] സെക്യൂരിറ്റി കിസ്തു മുതലായി [illegible] അടയ്ക്കുവാനുള്ള സംഖ്യ [illegible] വീഴ്ച വരുത്തുന്നതുകൂടാതെ ഷാപ്പ് ഡിപ്പാർട്ടുമെന്റിൽ നിന്നും [illegible] നടത്തുന്നതിൽനിന്നും [illegible] തുക [illegible] സർക്കാരിലേക്കു മുതൽക്കൂട്ടുന്നതാകുന്നു. എന്നാൽ [illegible] വീണ്ടും വിൽക്കുന്നതുവരെയോ [illegible] നടത്തുന്ന [illegible] ഡിപ്പാർട്ടുമെന്റു നടത്തിക്കൊള്ളുന്നതിന് [illegible] എക്സൈസ് കമ്മീഷണർ അനുവദിക്കുകയോ തുകയ്ക്കെന്നു തോന്നുന്ന മറ്റു വല്ല ഏർപ്പാടുകളെ ചെയ്യുകയോ ചെയ്യാവുന്നതാകുന്നു. [illegible] മറ്റോ ലൈസൻസുകാരിൽ നിന്നും ഈടാക്കാവുന്ന വല്ല തുകയേയും [illegible] പിടിച്ചു പിടിക്കുകയോ കുത്തകക്കാലത്തിനു ആരംഭത്തിൽ ലൈസൻസുകാരൻ വച്ചിട്ടുള്ള വിൽപ്പനയിനു വല്ലതും ഉണ്ടെങ്കിൽ ആ വിൽപ്പനയിനത്തിൽനിന്നും ഈടാക്കുകയോ ചെയ്യാവുന്നതാകുന്നു. ഇപ്രകാരം വിൽപ്പനയിനത്തിൽനിന്നും എടുക്കുന്ന സംഗതികളിൽ അങ്ങനെ ഷാപ്പ് [illegible] ചെയ്യുന്ന വിൽപ്പനയിലെ ചാർജ്ജ് വഹിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥൻ പക്കൽനിന്നും ഒരറിയിപ്പു കിട്ടി പതിനഞ്ചു ദിവസത്തിനകം തന്റെ വിൽപ്പനയിനത്തിൽനിന്ന് എടുത്തിട്ടുള്ള തുകയെ നികത്തിവയ്ക്കുന്നതിന് ലൈസൻസുകാരൻ ബാദ്ധ്യസ്ഥനാകുന്നു. ഏതു പുനർലേലപ്രകാരമുള്ളതാകുന്ന നഷ്ടസംഖ്യയിന്മേൽ ഉള്ള പലിശ പുനർലേലക്കാരന് ഷാപ്പു നടത്തിപ്പിനായി ഏൽപ്പിച്ചു കൊടുക്കുന്ന തീയതിമുതൽ കണക്കാക്കേണ്ടതുമാകുന്നു.

31. ഏതു കാരണത്താലും പലിശ തുകകൾക്ക് 100-ന് ഒമ്പതു രൂപ വീതം ആകാവുന്നതാകുന്നു.

32. ലൈസൻസുകാരൻ തന്റെ ലൈസൻസുകാരന്റെ കീഴിൽ ജോലിചെയ്യുന്ന വില്പനക്കാരോ തന്റെ ലൈസൻസിലെയോ ഈ കരാറിലെയോ വ്യവസ്ഥകളെയോ അബ്കാരി ആക്ടനുസരിച്ചുള്ള ചട്ടങ്ങളെയോ [illegible] ലംഘിക്കുന്നതായാൽ ലൈസൻസുകാരൻ—

(i) (എ) 2,000 (രണ്ടായിരം) രൂപയിൽ കവിയാത്ത പിഴയും

(ബി) വിൽപ്പനയിനു കെട്ടിവച്ചിട്ടുള്ളതിൽ നിന്ന് ഈടാക്കപ്പെടുന്നതിനും ലൈസൻസു റദ്ദാക്കി നഷ്ടത്തിന്റെ ഉത്തരവാദിത്വത്തോടുകൂടി ഷാപ്പ് വീണ്ടും വിൽക്കുന്നതിനു കൂടിയ ബാദ്ധ്യതയുള്ളതാകുന്നു. ലൈസൻസ് ഇപ്രകാരം റദ്ദുചെയ്യപ്പെടുമ്പോൾ ലൈസൻസിലെ കാലാവധിയിൽ ശേഷം കിസ്തുകൾ അടയ്ക്കാനുള്ളതും അടയ്ക്കേണ്ടതായ തുക ഉടൻതന്നെ അടയ്ക്കേണ്ടതായി വരും.

(ii) മേൽപ്പറഞ്ഞ ശിക്ഷ വിധിക്കുന്നതിന് പുറമേ [illegible] എക്സൈസ് കമ്മീഷണർക്കും അധികാരം ഉള്ളതാകുന്നു. ലൈസൻസുകാരൻ തന്റെ ലൈസൻസുകാരന്റെ കീഴിൽ ജോലിചെയ്യുന്ന വല്ലവരും തന്റെ ലൈസൻസിലെ നിബന്ധനകളിൽ വല്ലതിനെയും ലംഘിക്കുന്നതായാൽ ലൈസൻസുകാരൻ ഒരു [illegible] 5 രൂപയിൽ കവിയാത്ത പിഴ ശിക്ഷ നൽകുന്നതിനു എക്സൈസ് [illegible] അധികാരമുള്ളതാകുന്നു.

(iii) ഈ ഖണ്ഡം അനുസരിച്ചുള്ള ഒരു ലൈസൻസ് [illegible] ലൈസൻസിന്റെ കാലാവധി കഴിയുന്നതിന് [illegible] മുമ്പായി [illegible] വല്ല തുകയും കിസ്ത് അടയ്ക്കുന്നതിനു വീഴ്ച വരുത്തിയാൽ ഏതു [illegible] ഉൾക്കൊള്ളുന്ന 30-ാം ഖണ്ഡികയിൽ പറയുന്ന

നിബന്ധന വിവരിച്ചിരിക്കുന്നുവോ അതുപോലുള്ള ഫലങ്ങൾ അതാതിടക്ക് ഉണ്ടാകുന്നതാകുന്നു.

33. ഈ വ്യവസ്ഥകൾ അനുസരിച്ച് പിഴ ചുമത്തുകൊണ്ടോ ഡിപ്പോസിറ്റ് നഷ്ടപ്പെടുത്തുകൊണ്ടോ ലൈസൻസ് റദ്ദാക്കിയതുകൊണ്ടോ ലൈസൻസുകാരൻ തനിക്കോ തന്റെ ആളുകളുടെ ഏജന്റുകൾക്കോ തന്റെ അബ്കാരി ആക്റ്റിന് വിരോധമായി ചെയ്ത വല്ല പ്രത്യേക കുറ്റത്തിനോ ഈ വ്യവസ്ഥകളുടെ വല്ല ലംഘനത്തിനോ പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതിൽ നിന്നും അവൻ വിമോചനം പ്രാപിക്കുന്നതല്ല.

34. എക്സൈസ് റവന്യൂ സംബന്ധിച്ച് ഏതൊരു കാലം നടപ്പുള്ള വല്ല നിയമവും അനുസരിച്ചു ലൈസൻസുകാരന്റെ പേരിൽ വല്ല കുറ്റവും സ്ഥാപിതമാകയോ അങ്ങനെയുള്ള ലൈസൻസു കൊടുക്കപ്പെടുമ്പോൾ ആ നിയമപ്രകാരമുള്ള വല്ല കുറ്റവും അവന്റെ പേരിൽ സ്ഥാപിക്കപ്പെട്ടതായി അവനു ലൈസൻസ് കൊടുത്തതിന് പിന്നീട് അറിയുകയോ ചെയ്യുന്നതായാൽ അയാളുടെ ലൈസൻസ് ഇല്ലാതെയാക്കിയതായി റവന്യൂ ബോർഡ് ആജ്ഞാപിക്കാം. ലൈസൻസുകാരന്റെ പേരിൽ ശിക്ഷാനിയമ പ്രകാരം കുറ്റസ്ഥാപനം ആകുകയോ മറ്റോ ലൈസൻസ് കൊടുക്കപ്പെടുമ്പോൾ ആ നിയമമനുസരിച്ച് അയാളുടെ പേരിൽ കുറ്റസ്ഥാപനം ഉണ്ടായിരുന്നതായി ലൈസൻസിലെ നിബന്ധന 4-ാം ഖണ്ഡപ്രകാരം ഒരു പീടിക പിടിക്കുന്നതിന് അയോഗ്യനാക്കുന്നതോ അവന് ലൈസൻസ് കൊടുത്തതിൽ പിന്നീട് ബോധ്യം കിട്ടുകയോ ചെയ്യുന്നതായാൽ അയാളുടെ പേരിൽ സ്ഥാപനമായ കുറ്റമോ തെളിവാക്കപ്പെട്ട അയോഗ്യതയോ റവന്യൂ ബോർഡിന്റെ അഭിപ്രായത്തിൽ അയാളെ ലൈസൻസ് വച്ചുകൊണ്ടിരിക്കുന്നതിന് അയോഗ്യനാക്കിത്തീർക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഇല്ലാതെയാക്കുന്നതിനും അയാളുടെ ഡിപ്പോസിറ്റ് ഇല്ലാതെയാക്കുന്നതിനും അങ്ങനെയുള്ള കുറ്റസ്ഥാപനമോ അയോഗ്യതയോ ഇടയാക്കുന്നതാകുന്നു. ഈ ഖണ്ഡം അനുസരിച്ചുള്ള ഒരു ലൈസൻസ് ഇല്ലാതെ പോകുമ്പോൾ അവകാശത്തെ ലൈസൻസുകാരന്റെ ചെലവിന്മേൽ വീണ്ടും വിൽക്കുകയോ മറ്റു വിധത്തിൽ വിനിയോഗിക്കുകയോ ചെയ്യുന്നതാകുന്നു.

35. ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി റവന്യൂ ബോർഡ് 15 ദിവസത്തെ മുന്നറിയിപ്പ് കൊടുത്തിട്ട് ലൈസൻസിനെ തിരിയെ വാങ്ങിക്കാവുന്നതാകുന്നു. അങ്ങിനെ ചെയ്യുമ്പോൾ ലൈസൻസുകാരൻ അടുക്കിയിട്ടുള്ള കിസ്തുകൾ വീതപ്രകാരമുള്ള ഒരു ഭാഗത്തെ അയാൾക്ക് തിരിച്ചു കൊടുക്കണം.

36. വിദേശ മദ്യ ഷാപ്പുകൾ എക്സൈസ് ഇൻസ്പെക്ടറും അവരെക്കാൾ സ്ഥാനത്തിൽ കൂടിയവരുമായ എക്സൈസ് ആഫീസർമാർക്ക് പരിശോധിക്കുന്നതിനും ഏതൊരു ഷാപ്പുകളിൽ വിൽക്കുന്ന സാധനത്തെയും പരിശോധിക്കുന്നതിനും ഷാപ്പിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകളും വസ്തുതകൾ പരിശോധിക്കുന്നതിനും അധികാരമുണ്ട്. പരിശോധന ഉദ്യോഗസ്ഥന് ആവശ്യപ്പെട്ടാൽ ലൈസൻസുകാരനോ അയാളുടെ ഏജന്റോ വിൽപ്പനക്കാരനോ വിൽപ്പനയ്ക്കു വച്ചിരിക്കുന്ന സാമാനം മുഴുവനും ഹാജരാക്കുകയും അതിന്റെ ഇൻസ്പെക്ഷൻ തിട്ടപ്പെടുത്തുന്നതിന് എല്ലാ സൗകര്യവും നൽകുകയും ചെയ്യണം.

37. കൺട്രാക്റ്റ് കാലത്തോടുകൂടെ യാതൊരു സ്ത്രീകളെയും പീടികകളിൽ ഏതു വിധത്തിലുള്ള ജോലിക്കും നിയമിച്ചുകൂടാത്തതാകുന്നു.

38. തുടർന്ന് ഭേദഗതി ചെയ്തിട്ടുള്ളതും കാലാനുസൃത ആക്റ്റിൻപ്രകാരം പാസാക്കിയിട്ടുള്ളതും പ്രസ്തുത ആക്റ്റോ കേരള റവന്യൂ സംബന്ധിച്ച് മറ്റേതെങ്കിലും പാസാക്കാവുന്ന വല്ല നിയമമോ അനുസരിച്ച് ഇനി മേൽ പാസാക്കാവുന്നതുമായ എല്ലാ ചട്ടങ്ങളും ലൈസൻസുകാരനെ ബാധിക്കുന്നതാണ്.

39. റവന്യൂ ബോർഡിന് അതിന്റെ കീഴിലുള്ള വല്ല എക്സൈസ് ഉദ്യോഗസ്ഥന്റെയും ഉത്തരവിനെ അസ്ഥിരപ്പെടുത്താനോ ഭേദപ്പെടുത്താനോ മറ്റു വിധത്തിൽ പുനഃപരിശോധിക്കാനോ അധികാരമുണ്ടായിരിക്കുന്നു. ആവശ്യമെന്നു തോന്നുന്നപക്ഷം കീഴുദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചിരിക്കുന്ന അധികാരങ്ങൾ റവന്യൂ ബോർഡിൽ നിന്നു നേരിട്ട് നടത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

തിരുവനന്തപുരം,
1-3-1973.

Dr. വി. വെങ്കിടനാരായണൻ,
സെക്രട്ടറി.

1973 ഏപ്രിൽ 1-ാം തീയതി മുതൽ 1974 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ വിൽപ്പന സ്ഥലത്തുവച്ച് ഉപയോഗിക്കുവാൻ പാടില്ലാത്തതും മൊത്തമായി സപ്ലൈ ചെയ്യുന്നതിനും ചില്ലറ വിൽക്കുന്നതിനും അവകാശമുള്ള വിദേശമദ്യ പീടികകളുടെ പട്ടിക

ക്രമനമ്പർ	താലൂക്ക്	എക്സൈസ് റേഞ്ച്	ഷാപ്പുകളുടെ എണ്ണം	ഷാപ്പുകളുടെ ക്രമനമ്പർ	ഷാപ്പ് സ്ഥാപിക്കുവാനുള്ള സ്ഥലം
(1)	(2)	(3)	(4)	(5)	(6)
		തിരുവനന്തപുരം എക്സൈസ് ഡിവിഷൻ			
1	തിരുവനന്തപുരം	തിരുവനന്തപുരം	6	1 മുതൽ	തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ
		കൊല്ലം എക്സൈസ് ഡിവിഷൻ			
2	കൊല്ലം	കൊല്ലം	5	7 മുതൽ 11 വരെ	കൊല്ലം മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
3	കുന്നത്തൂർ	കുന്നത്തൂർ	1	12	അടൂർ
4	പത്തനംതിട്ട	പത്തനംതിട്ട	1	13	കോഴഞ്ചേരി

(1)	(2)	(3)	(4)	(5)	(6)
		ആലപ്പുഴ എക്സൈസ് ഡിവിഷൻ			
5	അമ്പലപ്പുഴ	ആലപ്പുഴ	2	14—ം 15—ം 16—ം	ആലപ്പുഴ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
		കോട്ടയം എക്സൈസ് ഡിവിഷൻ			
6	കോട്ടയം	കോട്ടയം	6	17 മുതൽ 22 വരെ	കോട്ടയം മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
7	ചങ്ങനാശ്ശേരി	ചങ്ങനാശ്ശേരി	1	23	ചങ്ങനാശ്ശേരി മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
8	കാഞ്ഞിരപ്പള്ളി	കാഞ്ഞിരപ്പള്ളി	1	24	കാഞ്ഞിരപ്പള്ളി
9	മീനച്ചിൽ	മീനച്ചിൽ	1	25	പാലാ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
		ഇടുക്കി എക്സൈസ് ഡിവിഷൻ			
10	പീരുമേട്	പീരുമേട്	6	26 മുതൽ 21 വരെ	കുമിളി 2—ം, പീരുമേട് 1—ം, വണ്ടിപ്പെരിയാർ 3—ം.
11	ദേവികുളം	ദേവികുളം	2	32—ം 33—ം	മൂന്നാർ—1, അടിമാലി—1.
12	ഉടുമ്പൻചോല	ഉടുമ്പൻചോല	1	34	കട്ടപ്പന
		എറണാകുളം എക്സൈസ് ഡിവിഷൻ			
13	കൊച്ചി	മട്ടാഞ്ചേരി	5	35 മുതൽ 29 വരെ	മട്ടാഞ്ചേരി റേഞ്ചിൽ കൊച്ചി കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ
14	കണയന്നൂർ	എറണാകുളം	15	40 മുതൽ 54 വരെ	എറണാകുളം റേഞ്ചിൽ കൊച്ചി കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ
15	ആലുവ	ആലുവ	1	55	ആലുവ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
16	മൂവാറ്റുപുഴ	മൂവാറ്റുപുഴ	1	56	മൂവാറ്റുപുഴ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
		തൃശ്ശൂർ എക്സൈസ് ഡിവിഷൻ			
17	തൃശ്ശൂർ	തൃശ്ശൂർ	8	57 മുതൽ 64 വരെ	തൃശ്ശൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
18	മുകുന്ദപുരം	ഇരിങ്ങാലക്കുട	1	65	ഇരിങ്ങാലക്കുട
19	തലപ്പിള്ളി	വടക്കാഞ്ചേരി	1	66	വടക്കാഞ്ചേരി
		പാലക്കാട് എക്സൈസ് ഡിവിഷൻ			
20	പാലക്കാട്	പാലക്കാട്	4	67 മുതൽ 70 വരെ	പാലക്കാട് മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
21	ചിറ്റൂർ	ചിറ്റൂർ	1	71	തത്തമംഗലം
		കോഴിക്കോട് എക്സൈസ് ഡിവിഷൻ			
22	കോഴിക്കോട്	കോഴിക്കോട്	5	72 മുതൽ 76 വരെ	കോഴിക്കോട് കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ
		മലപ്പുറം എക്സൈസ് ഡിവിഷൻ			
23	ഏറനാട്	മഞ്ചേരി	1	77	മഞ്ചേരി
		കണ്ണൂർ എക്സൈസ് ഡിവിഷൻ			
24	കണ്ണൂർ	കണ്ണൂർ	2	78—ം 79—ം	കണ്ണൂർ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
25	തലശ്ശേരി	തലശ്ശേരി	2	80—ം 81—ം	തലശ്ശേരി മുനിസിപ്പൽ അതിർത്തിക്കുള്ളിൽ
26	തളിപ്പറമ്പ്	പയ്യന്നൂർ	1	82	പയ്യന്നൂർ